# കേരള സർക്കാർ

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ കാര്യാലയം, പാലക്കാട്

www.lfa.kerala.gov.in

പറളി ഗ്രാമ പഞ്ചായത്ത്

2017-18 വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട്

**email- dopkd.ksad@kerala.gov.in**

നം. കെ.എസ്.എ-പികെഡി17/2110/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്, തീയതി – 31.10.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പറളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പറളി ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി17/2110/2018 തീയതി – 31.10.2018

പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പറളി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.08.2017 മുതൽ 18-07-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മാത്യു റോയ് ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.07.2018 മുതൽ 30.07.2018 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എൻ.സുമേഷ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുസ്മിത.കെ.വി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.സി.ഹരിഗോവിന്ദ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എൻ. ശിവപ്രസാദ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി.ഗിരിജ | 1-04-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ. സതീഷ് കുമാർ | 1-04-2017 മുതൽ 31-3-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനിയർ | ശ്രീമതി.തുളസി.കെ | 1.4.2017മുതൽ 31.3.2018 വരെ |
| അസി.സെക്രട്ടറി | ശ്രീ. സി.എസ്. മിനി | 1.4.2017മുതൽ 5.06.2017 |
| | ശ്രീമതി. ചുരത്തിൽ ഗംഗ | 27.6.2017 മുതൽ 1.1.2018 വരെ |
| | ശ്രീ.കെ.എൻ. ദിനേഷ് | 8.01.2018 മുതൽ 31.3.2018 |
| | ഒഴിവ് | 6.6.17 to 26.6.17 & 2.1.18 to 7.1.18 |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ശ്രീമതി.അജിത കുമാരി | 1.4.2017മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ശ്രീമതി.ഫാത്തിമ രഹ്ന.എം | 1.4.2017മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ശ്രീമതി.ജാസ്മിൻ.ജെ | 1.4.2017മുതൽ 31.3.2018 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി.നസീമ | 1.4.2017മുതൽ 31.3.2018 വരെ |
| വി.ഇ.ഒ | പ്രസാദ് | 1.4.2017 മുതൽ 6.07.2017 വരെ<br><br>7.7.17 മുതൽ 14.7.17 വരെ (ഒഴിവ്) |
| വി ഇ ഒ | വിനീത.കെ.വി. | 15.07.2017 മുതൽ 31.3.2018 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.റഷീദ ബീഗം | 1.4.2017മുതൽ 31.3.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ഉഷ .എസ് | 1.4.2017മുതൽ 23.03.2018 വരെ |
| | ശ്രീമതി.ഉഷാദേവി.കെ.കെ | 24.3.18 മുതൽ 31.3.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.സന്തോഷ്കുമാർ | 1.4.2017മുതൽ 31.3.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ബിന്ദു | 1.4.2017മുതൽ 31.3.2018 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 214-ാം വകുപ്പ് പ്രകാരം തയ്യാറാക്കിയ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 30/03/2017 ലെ ഭരണസമിതി യോഗതീരുമാനം 1 പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

തൻവർഷം പഞ്ചായത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ഭരണസമിതി/സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല എങ്കിലും നികുതി- നികുതിയേതര ഇനങ്ങളിൽ പ്രതീക്ഷിത വരവിനെക്കാൾ 8% വർദ്ധനവ് ഉണ്ടാക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിതം | യഥാർത്ഥ വരവ് | വ്യത്യാസം (തുക) | വ്യതിയാനം (ശതമാനം) |
|---|---|---|---|---|
| നികുതി- നികുതിയേതര വരവ് | 7770000 | 8611269 | 841269 | 8% |

ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കുകയും അനുബന്ധം 1 ൽ നോൺ പ്ലാൻ പ്രൊപ്പോസൽ വാങ്ങുകയും ചെയ്തിട്ടുണ്ടെങ്കിലും ബജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികൾക്ക് നൽകുന്നതിന് നിർദ്ദേശം നൽകുകയോ അപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ജനുവരി 15 ന് മുമ്പ് വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതായിട്ടുണ്ട്. ആയതും നിർവ്വഹിച്ചതായി കാണുന്നില്ല. മുതൽമുടക്ക് ആവശ്യമായി വരുന്ന എല്ലാ പ്രക്രിയകൾക്കും ബഡ്ജറ്റ് തയ്യാറാക്കി വരുമാന സമാഹരണ തന്ത്രങ്ങൾ ഗ്രാമ സഭ

മുൻപാകെ വെളിപ്പെടുത്തണമെന്ന നിർദ്ദേശവും യഥാവിധി പാലിക്കപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. ഇപ്രകാരമുള്ള അപാകത നിലനിൽക്കുമ്പോൾ വാർഷിക ബജറ്റിൽ ആവശ്യമായ തുക വകയിരുത്താതെ പോകുന്നതിനും യഥാർത്ഥത്തിൽ ആവശ്യമായ തുക ചെലവഴിക്കുവാൻ സാധിക്കാതെ പോകുന്നതിനും കാരണമാകുമെന്നതിനാൽ നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-7-2018 | 29-5-2018 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 02-07-2018 മുതൽ 03-07-2017 വരെ | സർട്ടിഫിക്കറ്റ് (നം.കെ.എസ്.എ-പികെഡി21/1904/54 തീയതി 29.8.18) അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2017-18 | 20460168 | 138344388 | 158804556 | 134962232 | 23842324 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി (ലാപ്സായ തുക) |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 17966000 | 17966000 | 16452839 | 1513161 |
| വികസന ഫണ്ട്-എസ്.സി.പി ACR പ്രകാരം) | | 0 | 16424000 | 16424000 | 14383113 | 2040887 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 135000 | 135000 | 0 | 135000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 5413000 | 5413000 | 3660614 | 1752386 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3941000 | 3941000 | 3849054 | 91946 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8437723 | 8437723 | 8437723 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 78235 | 78235 | 61408 | 16827 |
| സാക്ഷരത | | 412280.50 | 0 | 412280.50 | 1573 | 410707.5 |
| ടി.എസ്.വൈ | | 748246 | 2442490 | 3190736 | 638661 | 2552075 |
| എം.ജി.എൻ.ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 18103746 | 18103746 | 18103746 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 50458.50 | 1428765 | 1479223.50 | 1474468 | 4755.5 |
| എൻ.എസ്.എ.പി | | 578185 | 16405 | 594590 | 0 | 594590 |
| സാക്ഷരത | | 412280.50 | - | 412280.50 | 1573 | 410707.50 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 5928512 | 5928512 | 5928512 + (15080**) | - 15080 |
| | ജില്ലാ പഞ്ചായത്ത് | 0 | 4639540 | 4639540 | 4639540 | 0 |
| ബി ഫണ്ട് - തൊഴിലില്ലായ്മ വേതനം | | 0 | 67800 | 67800 | 67800 | 0 |
| കൃഷി | | 0 | 505000 | 505000 | 505000 | 0 |
| വിവാഹ ധനസഹായം | | 0 | 660000 | 660000 | 660000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി ടി.എസ്.ബി) | | 11331930 | 13721249 | 25053179 | 23165670 | 1887509 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 4185147 | 10482377 | 14667524 | 8226603 | 6440921 |
| മറ്റിനം - ജലനിധി | | 2669287 | 51964391 | 54633678 | 43104410 | 11529268 |

പദ്ധതി ഫണ്ട് , മെയിന്റനൻസ് ഗ്രാന്റ് എന്നീ വരവുകളുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | സ്പിൽ ഓവർ പ്രൊജക്ടുകൾക്കായുള്ള വിഹിതം | 2017-18 ബഡ്ജറ്റ് അനുബന്ധം IV പ്രകാരമുള്ള വിഹിതം | ആകെ | ഗ്രാമ പഞ്ചായത്തിന് ലഭ്യമായ അലോട്ട്മെന്റ് |
|---|---|---|---|---|
| പ്ലാൻ (ജനറൽ) | 1067592 | 17966000 | 19033592 | 17966000 |
| പ്ലാൻ (എസ്.സി.പി) | 5333545 | 16424000 | 21757545 | 16413970 |
| പ്ലാൻ (ടി.എസ്.പി) | 20000 | 135000 | 155000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2429955 | 10100189 | 12530144 | 8437723 |
| ലോകബാങ്ക് ധനസഹായം (സംസ്ഥാന വിഹിതം) | 61408 | 0 | 61408 | 78235 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 1575000 | 5413000 | 6988000 | 5413000 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 1763652 | 3941000 | 5704652 | 3941000 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2017-18 | 157 | 87073900 | 111 | 59631892 | - | 46 | 71 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 50458.50 | 1428765 | 1479223.50 | 1474468 | 4755.5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്-വേതനം | | 18103746 | 18103746 | 18103746 | |
| മെറ്റീരിയൽ | | 64550 | 64550 | 64550 | |

## 1-8 ക്ഷേമപദ്ധതികൾ

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ വിതരണം ചെയ്യപ്പെട്ട വിവിധ ക്ഷേമ പെൻഷനുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക |
|---|---|
| തൊഴിൽരഹിത വേതനം | 67800 |
| വിധവാപെൻഷൻ | 15193800 |
| വാർദ്ധക്യകാലപെൻഷൻ | 31966400 |
| വികലാംഗപെൻഷൻ | 4700300 |
| അവിവാഹിത പെൻഷൻ | 1203200 |
| കർഷകതൊഴിലാളി പെൻഷൻ | 8367000 |

തൻവർഷം ലഭിച്ച പെൻഷൻ അപേക്ഷകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | അപേക്ഷകരുടെ എണ്ണം | അംഗീകരിച്ചത് | നിരസിച്ചത് | തീരുമാന മെടുക്കാൻ വേണ്ടി വന്ന കാലാവധി |
|---|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 231 | 198 | 33 | 2 മാസം |
| വിധവാപെൻഷൻ | 55 | 54 | 1 | 1- 2 മാസം |
| അവിവാഹിത പെൻഷൻ | 14 | 10 | 4 | 1മാസം |
| വികലാംഗ പെൻഷൻ | 23 | 19 | 4 | 2 മാസം |
| കർഷക തൊഴിലാളി പെൻഷൻ | 12 | 8 | 4 | 2 മാസം |

വാർദ്ധക്യകാല പെൻഷൻ അപേക്ഷകൾ സമയപരിധിക്കകം തീർപ്പാക്കുവാൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-7-2018 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18637-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 പൊതുഭരണ സംവിധാനവും ആഭ്യന്തര നിയന്ത്രണവും

2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്തിന് 138344388 രൂപ വരവും 134962232 രൂപ ചെലവുമുണ്ട്. സാമ്പത്തിക സ്ഥിതി തൃപ്തികരമാണ്. എങ്കിലും വസ്തു നികുതി, വാടക, കുടിവെള്ള പദ്ധതികളുടെ വെള്ളക്കരം എന്നീ ഇനങ്ങളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നത് കൃത്യമായി മോണിറ്റർ ചെയ്യാൻ ഫലപ്രദമായ ഒരു സംവിധാനം പഞ്ചായത്തിൽ ഉണ്ടാവേണ്ടതുണ്ട്. വസ്തുനികുതി കുടിശ്ശികയായി 5.65ലക്ഷം രൂപയും, വാടക കുടിശ്ശികയായി 2.46ലക്ഷം രൂപയും തൽവർഷം പിരിച്ചെടുക്കുവാനുണ്ട്. വെള്ളക്കരം ഡിമാന്റ് രജിസ്റ്റർ പൂർത്തിയാക്കി കൃത്യമായ ഡിമാന്റ് കണക്കാക്കിയിട്ടില്ല. രജിസ്റ്റർ പ്രകാരം പല ഉണഭോക്താക്കളും വെള്ളക്കരം തൻവർഷം ഒടുക്കിയിട്ടില്ല. മുൻവർഷവും ഈ ഇനത്തിൽ കുടിശ്ശിക നിലവിലുണ്ട്. എന്നാൽ വാർഷിക കണക്കിൽ തൻവർഷത്തെ കളക്ഷൻ തന്നെ ഡിമാന്റായി കണക്കാക്കി കുടിശ്ശിക ഇല്ല എന്ന് രേഖപ്പെടുത്തി കാണുന്നു.

വസ്തു നികുതി കണക്കാക്കുന്നതിനായി ഉപയോഗിക്കുന്ന സഞ്ചയ സോഫ്റ്റ്‌വെയറിൽ നിലനിൽക്കുന്ന പല സാങ്കേതിക അപാകതകളും നിലവിലും പരിഹരിക്കപ്പെടാതെ തുടരുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിലേയും സാംഖ്യയിലേയും കണക്കുകൾ പൂർണ്ണമായും പൊരുത്തപ്പെടുന്നില്ല. സഞ്ചയയിലെ ഡാറ്റാ എൻട്രിയിലെ പിഴവുകൾ കണ്ടെത്തി ക്രമീകരിക്കേണ്ടതാണ്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഫ്രണ്ട് ഓഫീസിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നുണ്ട്. ജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനായി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. തൻവർഷം ഈ ആവശ്യത്തിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല.

പൗരാവകാശ രേഖ പ്രകാരം ജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ കൃഷിഭവൻ, എഞ്ചിനിയറിങ് വിഭാഗം, മൃഗാശുപത്രി, , സി.എച്ച് .സി, ആയുർവേദാശുപത്രി (NRHM ), വി ഇ ഒ ഓഫീസ്, ഗവ.എൽ.പി.സ്കൂൾ എന്നിവയ്ക്ക് പുറമേ രണ്ട് ഹോമിയോ ആശുപത്രികൾ, രണ്ട് ഗവ. യു.പി.സ്കൂളുകൾ 42 അങ്കണവാടികൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. മേൽപറഞ്ഞ ഘടക സ്ഥാപനങ്ങളിൽ എല്ലാം കമ്പ്യൂട്ടർ വൽക്കരണം നടത്തിയിട്ടുണ്ട്. വി.ഇ.ഒ ഓഫീസിൽ നിലവിൽ ആവശ്യമായ സ്ഥല സൗകര്യമില്ല. കുത്തു പറമ്പ് ഗവ.ഹോമിയോ ഡിസ്പെൻസറി ശോചനീയാവസ്ഥയിലാണ്. പുനരുദ്ധാരണത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ പ്രൊജക്റ്റ് രൂപീകരിച്ചെങ്കിലും നടപ്പിലാക്കിയിട്ടില്ല. തദ്ദേശഭരണ സ്ഥാപനത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ റെക്കോർഡ് റൂം, കോൺഫറൻസ് ഹാൾ എന്നിവയുടെ അഭാവവും പരിഹരിക്കേണ്ടതായുണ്ട്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6-07-2018 | 6/2018 | 6.7.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14-9-2001 to 29.9.2001 | 1997-98മുതൽ 1999-00 വരെ | 18-3-2002 |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി -പൊതു അപാകതകൾ

തൊഴിൽ നികുതി രജിസ്റ്റർ, അർദ്ധ വാർഷിക വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

a. തൊഴിൽനികുതി- വ്യാപാര സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, (ഫോം 6) പ്രകാരമുള്ള നോട്ടീസ് വ്യാപാര സ്ഥാപനങ്ങൾക്ക് നൽകുകയോ, വ്യാപാര സ്ഥാപനങ്ങൾ ഫോം 4 ൽ റിട്ടേണുകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. വ്യാപാര സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഉടമയിൽ നിന്നു മാത്രമാണ് നികുതി ചുമത്തുന്നത് . ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് പഞ്ചായത്തിന് അറിയാൻ സാധിക്കുന്നില്ല. കൂടാതെ അവരിൽ നിന്നെല്ലാം ലഭ്യമാകുമായിരുന്ന നികുതി തുക നഷ്ടപ്പെടുകയും ചെയ്യുന്നു. വ്യപാര സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും തൊഴിൽനികുതി പരിധിയിൽ കൊണ്ടുവരുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി നികുതി ഈടാക്കുവാൻ ശ്രമിക്കേണ്ടതാണ്.

b. തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുവാൻ വിട്ടുപോയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല.

c. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഡി & ഒ ലൈസൻസ് കളക്ഷൻ തന്നെ ഡിമാന്റായി എടുത്തിരിക്കുകയാണ്. ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ച് ലിസ്റ്റ് തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ്

പരിശോധിച്ചതിൽ തൊഴിൽ നികുതിയുടെ പിരിവ് സംബന്ധിച്ച് അവലോകനം നടത്തിയതായി കാണുന്നില്ല.

d. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | I & II |
| 2 | കെ.എസ്.ഇ.ബി | II |
| 3 | തേന്നൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം | I & II |
| 4 | ക്ഷീരോൽപ്പാദക സഹകരണ സംഘം, പറളി | I & II |
| 5 | കെ.എസ്.എഫ്.ഇ | I |
| 6 | മഹിമ ഓഡിറ്റോറിയം | I & II |
| 7 | പാലയ്ക്കൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പറളി | I & II |
| 8 | പാലയ്ക്കൽ ആർട്സ് & സയൻസ് കോളേജ്,പറളി | I & II |

e. എൻ.ആർ.ഇ.ജി.എസ് ജീവനക്കാർ, സി.ഡി.എസ്. അക്കൌണ്ടന്റ്, പഞ്ചായത്തിലെ ജീപ്പ് ഡ്രൈവർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/25.07.18) അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ താഴെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | മൊബൈൽ ടവർ നടത്തുന്ന കമ്പനിയുടെ പേര് | വാർഡ് നമ്പർ/കെട്ടിട നമ്പർ | വാർഷിക നികുതി | ഈടാക്കാനുള്ള നികുതി |
|---|---|---|---|---|
| 1 | ബി.എസ്.എൻ.എൽ | 10/148(A) | 1890 | 13230 |
| 2 | ബി.എസ്.എൻ.എൽ | 10/148(B) | 296 | 2072 |
| 3 | ബി.എസ്.എൻ.എൽ | 4/48(A) | 8820 | 61740 |
| 4 | ബി.എസ്.എൻ.എൽ | 4/48(B) | 581 | 4067 |
| 5 | ബി.എസ്.എൻ.എൽ | 17/508(A) | 5859 | 41013 |
| 6 | ബി.എസ്.എൻ.എൽ | 17/508(B) | 1027 | 7189 |

| | | | | |
|---|---|---|---|---|
| 7 | ബി.എസ്.എൻ.എൽ | 20/456(A) | 4211 | 29477 |
| 8 | ബി.എസ്.എൻ.എൽ | 20/456(B) | 1036 | 7273 |
| 9 | ബി.എസ്.എൻ.എൽ | 13/48(B) | 1890 | 13230 |
| 10 | ബി.എസ്.എൻ.എൽ | 13/48(C) | 182 | 1274 |
| ആകെ | | | | 1,80,565 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ച പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തേണ്ടതും അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കാൻ കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിൽ (2016-17) നിർദ്ദേശിച്ചിരുന്നുവെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കുടിശ്ശിക ഈടാക്കുന്നതിനും വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന വരുമാന നഷ്ടം തടയുന്നതിനുമായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 വാടക കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2016-17വാർഷിക ധനകാര്യ പത്രിക പ്രകാരം വാടക ഇനത്തിൽ കുടിശ്ശികയുണ്ടായിരുന്ന 2,50,138 രൂപയിൽ 3950 രൂപ മാത്രമാണ് ഓഡിറ്റ് കാലയളവിൽ പിരിച്ചെടുത്തിട്ടുള്ളത്. വാടകകുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഇവയുടെ കൃത്യത വിലയിരുത്താൻ സാധിച്ചിട്ടില്ല. പഞ്ചായത്തിലെ വാടക മുറികളായ 4,16,144 എന്നിവക്ക് വാടക ലഭിക്കാത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (4/25.7.18) 4,16 എന്നിവയുടെ വാടക അടക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്നും റൂം നം 144 പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക അടക്കാത്ത 4,16 എന്നിവരുടെ റൂമുകൾ ഏറ്റെടുത്ത് ലേലനടപടികൾ സ്വീകരിച്ചിട്ടില്ല. താഴെ പറയുന്ന വാടകക്കാരുമായി അഗ്രിമെന്റ് വെച്ചതിന്റെ രേഖകൾ ഹാജരാക്കാൻ അന്വേഷണം നൽകിയിരുന്നുവെങ്കിലും ഹാജരാക്കിയില്ല.

| ക്രമനമ്പർ | റൂം നമ്പർ | വാടകക്കാരന്റെ പേര് |
|---|---|---|
| 1 | 8,137 | സെക്രട്ടറി, മിൽക്ക് സൊസൈറ്റി |
| 2 | 7/1021 | പറളി സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് |
| 3 | 7/1022 | ടി |
| 4 | 7/1023 | ടി |

ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾ വാടകക്ക് കൊടുക്കാൻ നടപടികൾ സ്വീകരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ ഭരണസമിതിയോ ശുപാർശ ചെയ്തതായി കാണുന്നില്ല. വാടക ഇനത്തിൽ

കുടിശ്ശിക ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതും വാടക കുടിശ്ശിക പിരിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതുമാണ്.

## 2-4 അനധികൃത കെട്ടിട നിർമ്മാണം തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 പ്രകാരമുള്ള ഫോറം 10-ലുള്ള അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആയത് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (3/25.7.18) നൽകിയിരുന്നുവെങ്കിലും ഹാജരാക്കിയില്ല. ഗ്രാമ പഞ്ചായത്തിൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിന് ഫീൽഡ് പരിശോധന നടത്താൻ 2.9.17 ന് ഓഫീസ് ഓർഡർ മുഖേന ചുമതലപെടുത്തിയിട്ടുണ്ടെങ്കിലും ആയത് നടത്തിയതിന്റെയോ തുടർ നടപടികൾ സ്വീകരിച്ചതിന്റെയൊ വിവരങ്ങൾ ലഭ്യമാക്കിയില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235(FF) പ്രകാരം ഒരു കെട്ടിടം നിയമാനുസൃല്ലാതെ നിർമ്മിക്കപ്പെട്ടാൽ കെട്ടിടത്തിന് അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന യു.എ എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്നും കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതാണ്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയാതെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗിനു വേണ്ടി ഗ്രാമ പഞ്ചായത്തിനെ സമീപിക്കുന്ന സമയത്ത് റെഗുലറൈസേഷൻ ഫീ ഈടാക്കി ക്രമവത്ക്കരണം നടത്തുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് അവലംബിച്ചുവരുന്നത്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിനും ഇത് സംബന്ധിച്ച ചട്ടങ്ങളും നിയമങ്ങളും കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-5 വസ്തുനികുതി, വെള്ളക്കരം എന്നിവയുടെ രജിസ്റ്ററിലെ തുകകളും വാർഷിക ധനകാര്യപത്രികയിലെ തുകകളും പൊരുത്തപ്പെടുത്തിയിട്ടില്ല

1. വസ്തുനികുതി രജിസ്റ്റർ പരിശോധനയുമായി ബന്ധപ്പെട്ട് വാർഷികധനകാര്യ പത്രിക, സഞ്ചയ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന വ്യത്യാസങ്ങൾ കാണുന്നു.

Current

| ഇനം | | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| Property Tax on residential building | AFS പ്രകാരം | 2048443 | 1794165 | 265047 |
| | സഞ്ചയ പ്രകാരം | 2048443 | 1684811 | 120159 |
| Property Tax on Non residential building | AFS പ്രകാരം | 1711689 | 1394835 | 261322 |
| | സഞ്ചയ പ്രകാരം | 1711689 | 1519784 | 103694 |

Arrear

| ഇനം | | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| Property Tax on residential building | AFS പ്രകാരം | 448657 (16-17 B 15 പ്രകാരം) | 685717 | 91161.20 |
| | സഞ്ചയ പ്രകാരം | 739707 | 665202 | 91162 |
| Property Tax on Non residential building | AFS പ്രകാരം | 804376 (16-17 B 15 പ്രകാരം) | 786317 | 18059 |
| | സഞ്ചയ പ്രകാരം | 1036185 | 797012 | 252156 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/26.7.18) താഴെ പറയും പ്രകാരം മറുപടി സമർപ്പിച്ചിട്ടുണ്ട്.

"സാംഖ്യയിൽ അരിയർ ഡിമാന്റ് 2016-17 വർഷ ബാലൻസ് അനുസരിച്ചാണ്. എന്നാൽ സഞ്ചയയിൽ 2012-13 മുതൽ 2017-18 വരെ ഡിമാന്റ് ചെയ്യുന്നതിനാൽ ഡിമാന്റ് തുകയായി 5,22,859 രൂപ അരിയർ അധികമായി വന്നു.ഈ തുക സാംഖ്യയിൽ അരിയർ ഡിമാന്റിൽ മാറ്റം വരുത്താൻ കഴിയാത്തതിനാൽ ഒന്നുകിൽ കറന്റ് ഡിമാന്റിൽ അധികം കാണിക്കുകയോ അല്ലെങ്കിൽ Prior period demand എന്നു കാണിക്കുകയോ ചെയ്യണം.എന്നാൽ വാർഷിക ധനകാര്യപത്രികയിൽ Prior period demand 5,22,859 എന്നതിന് 3,28,222 എന്നാണ് രേഖപെടുത്തിയത്.ഇത് ശരിയാക്കാൻ 2018-19 വർഷത്തെ വാർഷിക ധനകാര്യപത്രിക അയക്കുമ്പോൾ മാത്രമേ പറ്റുകയുള്ളൂ. Outdoor Collection വാങ്ങുന്നതിൽ BT യും LC യും എൻട്രി വരുത്തുന്നതിലെ വ്യത്യാസമാണ് സഞ്ചയയിലേയും സാംഖ്യയിലേയും തുകകൾ തമ്മിലുള്ള വ്യത്യാസം."

2. വെള്ളക്കരം പരിശോധനയുമായി ബന്ധപ്പെട്ട് വാർഷികധനകാര്യ പത്രിക, വെള്ളക്കര രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2017-18 ലെ ഡിമാന്റും കളക്ഷനും 3,30,744 ആണെന്നും ബാലൻസ് ആയി ഒന്നും പിരിച്ചെടുക്കാനില്ലെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ പല ഗുണഭോക്താക്കളും 2017-18 ലെ വെള്ളക്കരം അടച്ചിട്ടില്ലെന്നു കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൺസ്യൂമർ നമ്പർ |
|---|---|---|
| 1 | കമലാക്ഷി<br>w/o. കേശവൻ<br>കാവുങ്കൽ<br>തേന്നൂർ | 553/2013 |
| 2 | കാശു<br>s/o. പാരൻ<br>കുന്നത്ത് വീട്<br>തേന്നൂർ | 556/2013 |

| | | |
|---|---|---|
| 3 | സുമ പി.എ<br>w/o. രവി<br>കാവുങ്കൽ<br>തേന്നൂർ | 558/2013 |
| 4 | മുരുകൻ<br>ഇളമ്പ്രക്കാട്<br>തേന്നൂർ | 567/2013 |
| 5 | കണ്ണൻകുട്ടി<br>s/o.നാരായണനെഴുത്തശ്ശൻ<br>കല്ലേമൂച്ചിക്കൽ<br>തേന്നൂർ | 677/2014 |

മേൽ സൂചിപ്പിച്ച പരാമർശത്തിന് താഴെ പറയും പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

"യഥാർത്ഥത്തിൽ വെള്ളക്കരത്തിന്റെ തൻവർഷ ഡിമാന്റ് 5,08,974 ഉം കളക്ഷൻ 3,30,744 ഉം ബാലൻസ് 1,78,230 ഉം ആണ്. എന്നാൽ സാംഖ്യയിൽ കളക്ഷൻ തുകയായ 3,30,744 രൂപയാണ് ഡിമാന്റ് ആയി രേഖപെടുത്തിയിരിക്കുന്നത്.ആയത് ശരിയല്ലെന്നും ഇനി സാംഖ്യയിൽ മാറ്റം വരുത്താൻ കഴിയാത്തതിനാൽ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ശരിയാക്കി സമർപ്പിക്കുന്നതാണെന്നും ബോധിപ്പിക്കുന്നു."

കേരള പഞ്ചായത്ത് രാജ് എക്കൗണ്ട് ചട്ടങ്ങൾ 2011 -ജി.ഒ (എം.എസ്) 83/11 ത.സ്വ.ഭ.വ തീ.28.03.11 പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചതും, ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കിക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ വാർഷിക ധനകാര്യ പത്രികകൾ തയ്യാറാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 സേവന ഉപനികുതി ഏർപ്പെടുത്തുന്നത് സംബന്ധിച്ച്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.
2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.
3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.
4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## 2-7 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിതനിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. ആയതിന് വേണ്ടി പറളി SBT യിൽ 15.07.14 ന് അക്കൗണ്ട് (67284629232) തുടങ്ങിയിട്ടുണ്ടെങ്കിലും നാളിതു വരെയായിട്ടും ഇടപാടുകൾ നടത്തിയിട്ടില്ല. പഞ്ചായത്തിലെ ജനങ്ങൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ ധനസഹായം നൽകുന്നതിനായി ഫണ്ടിനു വേണ്ടി തുക സ്വരൂപിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി നടത്തിപ്പ്- അവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തുവാൻ ലക്ഷ്യമിട്ട് 2017-18 വർഷത്തിൽ അംഗീകാരം ലഭ്യമാക്കിയ 76 പ്രവൃത്തികളിൽ 60 എണ്ണം ആരംഭിക്കുകയും 52 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 24 പദ്ധതികൾ നടപ്പിലാക്കാൻ ബാക്കിയുണ്ട്.ചെലവഴിക്കുവാൻ ലക്ഷ്യമിട്ട 25150851 രൂപയിൽ 15156374 രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത് (60%).

നടപ്പാക്കിയ പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ ഇനം | എണ്ണം |
|---|---|---|
| 1 | കുടിവെള്ളം/പൊതു കിണർ | 2 |
| 2 | റോഡ് മെറ്റലിംഗ്/ ടാറിംഗ്/ റീടാറിംഗ് /കോൺക്രീറ്റ് റോഡ് | 38 |
| 3 | കെട്ടിടം/മെയിന്റനൻസ് | 9 |

| | | |
|---|---|---|
| 4 | വൈദ്യുതീകരണം/ ചുറ്റുമതിൽ | 3 |
| ആകെ | | 52 |

2017-18 വർഷത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ താഴെ ചേർക്കുന്നു.

1. ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളുടെ രേഖകൾ അതത് ഫയലുകളിൽ സൂക്ഷിക്കുന്നില്ല
2. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ കരാറുകാർക്ക് അയയ്ക്കുന്ന സെലക്ഷൻ നോട്ടീസ് കൃത്യമായി സൂക്ഷിക്കുന്നില്ല. ഭരണസമിതി ടെണ്ടർ അംഗീകരിച്ച തിയതിയും തീരുമാനം നമ്പറും രേഖപ്പെടുത്തുന്നില്ല.
3. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതിയും തീരുമാനം നമ്പറും ചേർക്കുന്നില്ല.
4. കാലഹരണപ്പെട്ട എഗ്രിമെന്റ് വ്യവസ്ഥകൾ ഒഴിവാക്കിയിട്ടില്ല.
5. സ്പിൽ ഓവർ പ്രവൃത്തികളുടെ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.
6. മോണിറ്ററിംങ് സമിതിയുടെ റിപ്പോർട്ട് അപൂർണ്ണം - വിഭാവനം ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം, പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം, നിർവഹണം ഉദ്ദേശിച്ച സമയത്ത് പൂർത്തീകരിച്ചുവോ, പ്രതീക്ഷിച്ച ലക്ഷ്യം കൈവരിച്ചുവോ തുടങ്ങിയ വിവരങ്ങൾ ഇല്ല.

മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കേണ്ടതാണ്. റീകോൺക്രീറ്റിംങ്, റീടാറിംങ് എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ അവസാനമായി പ്രസ്തുത റോഡ് ഏറ്റെടുത്ത് പ്രവത്തി ചെയ്തത് എന്നാണെന്നതിന്റെ അടങ്കലുൾപ്പെടെയുള്ള വിവരം ചേർക്കേണ്ടതാണ്.

## 3-2 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല- നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തി എഗ്രിമെൻറിൽ നിർദ്ദേശിച്ചിരുന്ന കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തിക്ക് ആവശ്യമായ ടാർ, ബിറ്റുമൻ ഇമൽഷൻ (RS1) എന്നിവ hpclൽ നിന്നും ലഭിച്ചത് 2017 മെയ് മാസം 27നാണെന്നും തുടർന്നുള്ള സമയം മഴക്കാലമായതിനാൽ മെറ്റീരിയൽസ് ലഭിക്കാൻ ബുദ്ധിമുട്ടായതിനാൽ പ്രവൃത്തി ചെയ്തു തീർക്കുവാൻ 2018 ഫെബ്രുവരി വരെ സമയം ദീർഘിപ്പിച്ച നൽകണമെന്നും കരാറുകാരൻ തിയതി വെയ്ക്കാത്ത ഒരു അപേക്ഷ നൽകിയതായി കാണുന്നു. ടി അപേക്ഷ പരിഗണിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാന് 2017 ഡിസംബർ വരെ പിഴ ഒഴിവാക്കി നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന കാലയളവിലേക്ക് 2966 രൂപ പിഴ (പി.എ.സിയുടെ 1%)കണക്കാക്കി വസൂലാക്കിയിട്ടുണ്ട്. എന്നാൽ പൂർത്തീകരണ സമയം ദീർഘിപ്പിച്ച് അനുവദിച്ച് സപ്ളിമെന്ററി

എഗ്രിമെന്റ് വച്ചതിൽ തിയതി രേഖപ്പെടുത്തിയിട്ടില്ല. കരാർ ചമച്ച മുദ്രപ്പത്രം വാങ്ങിയത് 8-3-2018 തിയതിയിലാണെന്ന കാണുന്നു. മതിയായ സമയം ലഭ്യമായിരുന്നിട്ടും വ്യക്തമായ കാരണങ്ങളില്ലാതെയും നിയമാനുസൃത പിഴ ഈടാക്കാതെയും പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. അംഗീകാരം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. കരാറുകാരനിൽ നിന്നും എഗ്രിമെന്റ് വ്യവസ്ഥകളിലെ നിബന്ധന 7 പ്രകാരം ഗ്രേസ്സ് പിരീഡ് കഴിഞ്ഞ് ആദ്യത്തെ മൂന്നു മാസത്തിന് പിഎസിയുടെ 1%, അടുത്ത ഓരോ മൂന്നു മാസത്തിനും 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.ഓട്ടുകമ്പനി താമരംകുന്ന് റോഡ് റീടാറിംങ്

പ്രൊജക്റ്റ്- 68/2018 (spill over 11/2017)

അടങ്കൽ- 300000 (MG road)

ചെലവ്-296610ബിൽ നം .44/2017-18 DT.21-3-2018

കരാറുകാരൻ- ശ്രീ.സി.സുദേവൻ , കരാർ തുക 296610

എഗ്രിമെൻറ് നം-32/16-17/AE/LSGD/PRL dt.07-02-17

അളവു പുസ്തകം- 307/15-16

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -31.3.17

പൂർത്തീകരിച്ച തീയതി- 01.02.18

പിഴ അടവാക്കിയത്. 2966

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം 53 ദിവസമാണ്. പഞ്ചായത്തു മുഖേന ബിറ്റുമിൻ വിതരണം വൈകിയതിനാൽ 01.06.17 മുതൽ പ്രവ്യത്തി സമയം അനുവധിച്ചാൽ പണി പൂർത്തിയാക്കേണ്ട തിയതി 23-07-2017

24-07-2017 മുതൽ 03-08-2017 വരെ ഗ്രേസ് പിരിയഡ് = 0 .00

: 04.08.17 മുതൽ 01 .11.17 വരെ: 296610*1% =2966

02.11.2017 മുതൽ 31-01-18 വരെ: 296610*2%=5932

ആകെ പിഴ -8898

ഈടാക്കിയത് -2966

ബാക്കി ഈടാക്കേണ്ടത്- 8898/-

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/30.8.17) ലഭ്യമാക്കിയ മറുപടിയിൽ ബിറ്റുമിൻ അനുവദിച്ചു നൽകിയത് 2017 മെയ് 27 നാണെന്നും പിന്നീട് ജൂൺ മാസം മുതൽ ഡിസംബർ വരെ മഴക്കാലമായതിനാൽ സാങ്കേതികമായി ടാറിംങ് പ്രവത്തി നടത്താൻ തടസ്സം

നേരിട്ട എന്നുമാണ് അറിയിച്ചിട്ടുള്ളത്. കരാറുകാരൻ പൂർത്തീകരണ സമയം ദീർഘിപ്പിച്ച് നൽകാൻ ആവശ്യപ്പെട്ട് കൃത്യസമയത്ത് അപേക്ഷ നൽകി സപ്ളിമെന്ററി എഗ്രിമെന്റ് വയ്ക്കാത്തതിനാൽ ഈ മറുപടി അംഗീകരിക്കാൻ നിർവ്വാഹമില്ല. പിഴയിനത്തിലുള്ള 8898/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിലടവാക്കേണ്ടതാണ്.

## 3-3 നിശ്ചിത സമയപരിധിക്കകം കരാറുകാർ എഗ്രിമെന്റ് വെച്ചിട്ടില്ല

ജി.ഒ. (പി) 13/2012/PWD/ 01-02-2012 പ്രകാരമുള്ള പുതുക്കിയ KPWD മാന്വൽ (section-2009.6) അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകമോ ഫേം പിരിയഡിനകമോ (ഏതാണോ ആദ്യം അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് അയക്കണം. സെലക്ഷൻ നോട്ടീസ് നിയമാനുസൃതം അയച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ PACയുടെ 1%പിഴ ഈടാക്കി (മിനിമം 1000/-, മാക്സിമം 25000/-) കരാറുടമ്പടി വെയ്ക്കാം. 14 ദിവസവും പിഴയോടുകൂടിയ 10 ദിവസവും കഴിഞ്ഞും കരാറുടമ്പടി വെയ്ക്കാത്തപക്ഷം കരാർ റദ്ദാക്കണം. EMDകണ്ട് കെട്ടി ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റു നടപടികളും സ്വീകരിക്കണം. എന്നാൽ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളിൽ ഈ നടപടിക്രമങ്ങളൊന്നും പാലിക്കാതെ എഗ്രിമെന്റ് വെയ്ക്കാൻ കരാറുകാരെ അനുവദിക്കുകയാണുണ്ടായത്. കരാറുകാരിൽ നിന്നും നിയമ പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ 21453/-രൂപ ഈടാക്കിയതായി കാണുന്നില്ല .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നം,പേര്, പി.എ.സി | ടെണ്ടർ തീയതി/ ഭരണ സമിതി അംഗീകരിച്ച തിയതി | സെലക്ഷൻ നോട്ടീസ് അയച്ചത് | എഗ്രിമെന്റ് വെച്ചത് / കരാറുകാരൻ | പിഴ ഈടാക്കേണ്ടത് |
|---|---|---|---|---|---|
| 1. | കെ.എസ്.ഇ.ബി. റോഡ് റീ-ടാറിംങ് 33/2018, 596133/- | 17.10.17 (e-tender)/ 31.10.17 | - | 7.12.17 കെ.വി.കൃഷ്ണൻ | 5961 |
| 2. | 35/2018വടക്കുംമുറി റോഡ് റീടാറിംങ്-2017-18-പറളി ഗ്രാ.പ 484827 | 17-10-17 31.10.17 | - | 7.12.17 പി.എം.രമേഷ് | 4848 |
| 3. | 8/2018തലപ്പൊറ്റ റോഡ് റീടാറിംങ്-2017-18-പറളി ഗ്രാ.പ 483170 | 17-10-17 31.10.17 | - | 7.12.17 പി.എം.രമേഷ് | 4831 |
| 4. | 36/2018 പഴയപാലം | 17-10-17 | - | 7.12.17 | 5813 |

| | | | | | |
|---|---|---|---|---|---|
| | റോഡ് (കടവ് വരെ ) റോഡ് റീടാറിംങ് , സൈഡ് പ്രൊട്ടക്ഷൻ<br>2017-18-പറളി ഗ്രാ.പ<br>581328 | 31.10.17 | | പി.എം.രമേഷ് | |
| | ആകെ | | | | 21453 |

സമയപരിധിക്കുള്ളിൽ കരാറുടമ്പടി ചമയ്ക്കുന്നതിൽ വന്ന വീഴ്ച സംബന്ധിച്ച് നല്കിയ അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ 17-10-17 ന് നടത്തിയ ടെണ്ടർ പഞ്ചായത്ത് സമിതി 31-10-17 ന് അംഗീകരിച്ചുവെങ്കിലും ആയതിന്റെ പകർപ്പ് വൈകി ലഭ്യമാക്കിയതിനാലാണ് ഈ അപാകം സംഭവിക്കാനിടയായത് എന്നാണ് അസി.എഞ്ചിനിയർ മറുപടി നൽകിയിട്ടുള്ളത്.

ഒരു പ്രാദേശിക സർക്കാർ എന്ന നിലയിൽ അതിന്റെ അധികാരങ്ങളും ചുമതലകളും നിർവഹിക്കുന്നതിന് സ്റ്റാന്റിംങ് കമ്മറ്റികൾ അടിസ്ഥാനമാക്കി ചുമതലകൾ വിഭജിച്ച നൽകിയിട്ടുണ്ടെങ്കിലും മരാമത്ത് വർക്കുകളുടെ മേൽ കൃത്യമായ ഇടവേളകളിൽ വികസന സ്റ്റാന്റിംങ് കമ്മിറ്റിയുടെ ശ്രദ്ധാപൂർണ്ണമായ ഇടപെടലുകൾ ഉണ്ടാവുന്നില്ലെന്ന് കാണുന്നു. മിനുട്സ് ബുക്ക് പരിശോധിച്ചതിൽ സ്റ്റാന്റിംങ് കമ്മിറ്റി സമയാസമയങ്ങളിൽ യോഗം കൂടി പദ്ധതി നിർവഹണം മോണിറ്റർ ചെയ്യുന്നില്ല എന്നു വ്യക്തമാകുന്നു.

21453 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-4 സ്പിൽഓവർ പ്രൊജക്റ്റ്-സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി പൂർത്തീകരിക്കാതെ തുടരുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ,2017-18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ (ജി.ഒ.എം.എസ് നം.72/2017 /ത.സ്വ.ഭ.തിയതി.29/03/2017) ഖ.6.8(2) എന്നിവ പ്രകാരം ഒരു സ്പിൽഓവർ പ്രൊജക്റ്റ്, സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പഞ്ചായത്ത് ഭരണാനുമതി ലഭിച്ചതും 2016-17 വർഷത്തിൽ അസി. എഞ്ചിനിയറെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി വിഭാവനം ചെയ്തശേഷം സ്പിൽ ഓവറായതുമായ താഴെ പറയുന്ന പ്രൊജക്ടുകൾ 2017-18 സാമ്പത്തികവർഷത്തിലും നടപ്പാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതിയുടെ പേര് | അടങ്കൽ | ഫണ്ട് |
|---|---|---|---|
| 1 | ഓടനൂർ ഹെൽത്ത് സെന്റർ ചൂരത്തൊടി കനാൽ റോഡ് | 250000 | മെയിന്റനൻസ് ഗ്രാന്റ് റോഡ് |

| | | | |
|---|---|---|---|
| | റീടാറിംങ് (പ്രൊ.നം.115/17) | | |
| 2 | പുല്ലേപ്പറമ്പ് റോഡ് സൈഡ് പ്രൊട്ടക്ഷൻ, റോഡ് ഫോർമേഷൻ (പ്രൊ.നം.126/17) | 300000 | പ്ലാൻ ഫണ്ട് (scp) |
| 3 | കാഞ്ഞിരപ്പറമ്പ് റോഡ് കോൺക്രീറ്റിംങ്, ടാറിംങ് (പ്രൊ.നം.129/17) | 300000 | പ്ലാൻ ഫണ്ട് (scp) |
| 4 | എടക്കുന്നത്ത് പടി കാഡാചാൽ കൾവർട്ട് (പ്രൊ.നം.130/17) | 300000 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 5 | വിവിധ പൊതു കിണർ റിപ്പയർ (പ്രൊ.നം.147/17) | 500000 | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| 6 | കല്ല്യാണ മണ്ഡപം റിപ്പയർ (പ്രൊ.നം.195/17) | 45000 | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |

2016-17 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത മേൽപറഞ്ഞ പദ്ധതികൾ 2017-18 സാമ്പത്തിക വർഷത്തിലും പൂർത്തീകരിക്കാതെ തുടരുന്നത് ആശാസ്യമല്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

## 3-5 കണക്കുവിറ്റി പ്ലാൻ നടപ്പാക്കിയില്ല

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള വിവിധതരം റോഡുകളുടെ സർവ്വേ നടത്തി റോഡ് നെററ് വർക്ക് പ്ലാൻ തയ്യാറാക്കണമെന്നും, ഈ റോഡ് നെറ്റു വർക്ക് പ്ലാനിന്റെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് പുതിയ റോഡുകളുടെയും, പുനരുദ്ധരിക്കേണ്ട റോഡുകളുടെയും പ്രോജക്ടുകൾ ഏറ്റെടുക്കണമെന്നും 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. പുതിയതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകളെ ചെറിയ കഷണങ്ങളാക്കി പ്രോജക്ടുകൾ ഉണ്ടാക്കാതെ ഓരോ റോഡിന്റെയും മുഴുവൻ നീളത്തിനാണ് പ്രോജക്ട് ഉണ്ടാക്കേണ്ടത്. ഒരു റോഡ് നിർമ്മാണം, ഒന്നിൽ കൂടുതൽ വർഷം നീണ്ടുപോയാലും ഒറ്റ പ്രോജക്ടായി തന്നെ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പശ്ചാത്തല മേഖലയിൽ റോഡ് വികസനത്തിന് വകയിരുത്തിയ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വെച്ച് ചെറിയ നീളം കോൺക്രീറ്റ്/റീടാറിംഗ് ചെയ്യുന്നതിനുള്ള പ്രവൃത്തികളാണ് ഓഡിറ്റ് കാലയളവിൽ ഏറെയും ഏറ്റെടുത്തിട്ടുള്ളത്.

വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട്

സമസ്തമേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികളാണ് തയ്യാറേക്കണ്ടത്. പശ്ചാത്തല വികസനത്തിന് ലഭ്യമായ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്നത് തെറ്റായ പ്രവണതയാണ്. വാർഡ് വികസനമെന്ന സങ്കുചിത കാഴ്ചപ്പാടിൽനിന്നും പുറത്തുവന്ന് സമസ്തമേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്രപദ്ധതികൾ തയ്യാറാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി ശ്രദ്ധപതിപ്പിക്കേണ്ടതാണ്. അതുപോലെ തന്നെ പഞ്ചായത്തിലെ വിവിധതരം റോഡുകളുടെ സർവ്വേ നടത്തി റോഡ്നെറ്റ് വർക്ക് പ്ലാൻ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും നടപടിയുണ്ടാകേണ്ടതാണ്.

# 3-6 കാർഷികമേഖലയിലെ പദ്ധതികൾ

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 - 166 വകുപ്പ് 1-ാം ഉപവകുപ്പ് 3-ാം പട്ടിക സി.(1). ൽ ഗ്രാമപഞ്ചായത്തിന്റെ കാർഷിക മേഖലയിലെ ചുമതലകൾ ഏതെല്ലാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ കാർഷിക മേഖലയിലെ പദ്ധതികൾ അംഗീകരിച്ചു എന്നത് മാത്രമാണ് പ്രസ്തുത മേഖലയിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം എന്ന് കാണുന്നു. കൃഷി ഓഫീസർ കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കുകയോ കാർഷിക മേഖലയിലെ വിഷയങ്ങൾ ചർച്ച ചെയ്യുകയോ പ്രശ്ന പരിഹാര നടപടികൾ സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. പദ്ധതി പ്രവർത്തനങ്ങളൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്തതായും കാണുന്നില്ല.

വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ കൃഷിക്ക് അനുയോജ്യമായ1805 ha ഭൂമിയിൽ1783.6 ha സ്ഥലത്താണ് നിലവിൽ കൃഷി ചെയ്യുന്നത്. കൂടാതെ കൃഷിയോഗ്യമായ 5 ha തരിശുഭൂമിയും നിലവിലുണ്ട്. എന്നാൽ കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായും തരിശു ഭൂമിയിൽ കൃഷി ആരംഭിക്കുന്നതിനായി പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. പാടശേഖരങ്ങളിലെ ജലദൗർലഭ്യവും തൊഴിലാളി ക്ഷാമവുമാണ് മേഖലയിലെ പ്രധാന പ്രശ്നങ്ങളെന്ന് വിലയിരുത്തിയിട്ടുണ്ടെങ്കിലും ജലസേചന പദ്ധതികളും ആവിഷ്കരിച്ചു കാണുന്നില്ല.

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നെൽകൃഷി, പച്ചക്കറി കൃഷി എന്നിവയ്ക്ക് കൂലിചെലവ് നല്കുന്നതിനും ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനുമുള്ള പദ്ധതികളാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. ആവിഷ്കരിച്ച 3 പദ്ധതികളും നിർവഹണ ഉദ്യോഗസ്ഥൻ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി അടങ്കലിന്റെ (9399582) 96% തുകയും ചെലവഴിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

കൃഷി ഓഫീസറുടെ കാഷ് ബുക്ക്, ട്രഷറി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ഉഴവുകൂലിയിനത്തിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച തുകകൾ ഒരു മാസത്തിലധികം കൃഷി ഓഫീസറുടെ അക്കൗണ്ടിൽ സൂക്ഷിച്ചശേഷമാണ് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തത് എന്ന് കണ്ടെത്തി. പദ്ധതിയുടെ വിശദവിവരം താഴെ ചേർക്കുന്നു.

പ്രൊജക്ട് - നെൽകൃഷിക്ക് കൂലിചെലവ് (60/18)

അടങ്കൽ - പ്ലാൻ-ഗ്രാമപഞ്ചായത്ത് - 4376582

ചെലവ് - 4376582

അടങ്കൽ -ജില്ലാ പഞ്ചായത്ത് - 2650000

ചെലവ് - 2574460

അടങ്കൽ-ബ്ലോക്ക് പഞ്ചായത്ത് - 1855000

ചെലവ്- 1802122

ഗ്രാമപഞ്ചായത്ത് വിഹിതം ട്രഷറിയിൽ നിന്നും പിൻവലിച്ചതിന്റെയും വിതരണം ചെയ്തതിന്റെയും വിവരം താഴെ ചേർക്കുന്നു.

| ബിൽ നമ്പർ / തിയതി | തുക | വിതരണം ചെയ്ത ചെക്ക് നമ്പർ | തുക |
|---|---|---|---|
| 4/29.1.18 | 4376582 | 2442254/7.2.18 | 154759 |
| | | 2442255/7.2.18 | 67557 |
| | | 2442252/6.2.18 | 1037421 |
| | | 6587181/16.2.18 | 676115 |
| | | 8834697/28.3.18 | 495588 |
| | | 8834698/28.3.18 | 478472 |
| | | 8834694/28.3.18 | 480903 |
| | | 8834695/28.3.18 | 498788 |
| | | 8834696/28.3.18 | 486979 |

ധനവിനിയോഗ മാർഗരേഖ (ജി.ഒ (പി)177/12.4.2006 & 119/2015 dt 21.3.2015) പ്രകാരം പദ്ധതി ഫണ്ട് നിർവഹണ ഉദ്യോഗസ്ഥന്റെ എസ്.ബി.അക്കൗണ്ടിൽ 30 ദിവസത്തിലധികം സൂക്ഷിക്കുന്നത് അനുവദനീയമല്ല. ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ (12/30.7.18 ) മറുപടി ലഭ്യമായില്ല.

പദ്ധതി തുകകൾ ആവശ്യം അനുസരിച്ച് മാത്രം ട്രഷറിയിൽ നിന്നും പിൻവലിക്കുകയും ഉടൻതന്നെ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. ജൈവ വൈവിധ്യ രജിസ്റ്റർ - ചെലവ് രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്റ്റ് നമ്പർ - 104/18

അടങ്കൽ , ചെലവ് - 125000,

ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനായി 1,25,000/- രൂപ പദ്ധതി ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ബിൽ നമ്പർ 7/26.3.18 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച 62180/- രൂപ കൃഷി ഓഫീസറുടെ STSB അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി 12/30.7.18 മുഖേന ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത തുക ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. തുക ഹൊണറേറിയമിനത്തിൽ വിവിധ വ്യക്തികൾക്ക് നൽകിയതാണ് എന്ന്

നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചുവെങ്കിലും ആയത് സാധൂകരിക്കുന്നതിനുള്ള രേഖകളൊന്നും ഹാജരാക്കിയില്ല. പ്രൊജക്ട് രജിസ്റ്ററിലും സബ്സിഡിയറി രജിസ്റ്ററിലും പ്രസ്തുത ചെലവിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 62180/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുവാൻ നിർവഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 മൃഗസംരക്ഷണ മേഖലയിലെ ചുമതലകളുടെ നിർവഹണവും പദ്ധതിപ്രവർത്തനങ്ങളും

കേരള പഞ്ചായത്ത് രാജ് ആക്ട്-1994ലെ 166 വകുപ്പ് (1)-ാം ഉപവകുപ്പ് 3-ാം പട്ടിക പ്രകാരം ആട്, കോഴി എന്നിവ വളർത്തുക, മൃഗാശുപത്രികൾ നടത്തുക, മൃഗങ്ങൾക്കായുള്ള പ്രതിരോധആരോഗ്യപരിപാടികൾ നടത്തുക, പ്രത്യുൽപ്പാദനക്ഷമത വികസനപരിപാടികൾ നടപ്പിലാക്കുക, മൃഗജന്യരോഗങ്ങൾ നിയന്ത്രിക്കുക എന്നിവയാണ് ഗ്രാമപഞ്ചായത്തുകളുടെ മൃഗസംരക്ഷണണ മേഖലയിലെ ചുമതലകൾ. പതിമൂന്നാം പഞ്ചവൽസരക്കാലയളവിൽ ഗ്രാമപഞ്ചായത്തിൽ പാൽ, മുട്ട എന്നിവയുടെ ഉത്പാദന വർദ്ധനവിനായി പോഷകാഹാരം മെച്ചപ്പെടുത്തുക, പേവിഷബാധ നിർമ്മാർജ്ജനം എന്നീ പ്രവർത്തനങ്ങൾ നടത്തുകയാണ് ലക്ഷ്യമെന്ന് മൃഗസംരക്ഷണ മേഖലയിൽ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട് . വികസന സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കു കീഴിലുള്ള മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ ഭരണ സമിതിയിലേയ്ക്ക് ശുപാർശ ചെയ്യുക മാത്രമാണ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയ്തിട്ടുള്ളത്. യോഗങ്ങളുടെ മിനിട്സുകളിൽ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്തിയതായുള്ള രേഖപ്പെടുത്തലുകളൊന്നുമില്ല.

ആട്, പശു വിതരണത്തിനുള്ള പദ്ധതിയും കന്നുകുട്ടിപരിപാലന പദ്ധതിയുമാണ് തൻവർഷം അംഗീകാരം ലഭ്യമാക്കി നടപ്പിലാക്കിയത്. വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥയായി അംഗീകാരം ലഭിച്ച 4 പദ്ധതികളിൽ 3 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്.

1.പശു വളർത്തൽ പദ്ധതി (SCP) -നടപ്പിലാക്കിയില്ല.

(പ്രൊജക്ട് നമ്പർ-18/18)

2017-18 വർഷം സ്പിൽ ഓവറായി അംഗീകാരം വാങ്ങിയെങ്കിലും പശു വളർത്തൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. പദ്ധതിക്ക് ഗുണഭോക്താക്കളില്ല എന്ന് 29.11.17 ന് സെക്രട്ടറിയെ നിർവഹണ ഉദ്യോഗസ്ഥ രേഖാമൂലം അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിവരം നിർവഹണ ഉദ്യോഗസ്ഥൻ സ്റ്റാന്റിംഗ് കമ്മിറ്റിയെ അറിയച്ചതായോ കമ്മിറ്റി ചർച്ച ചെയ്തതായോ കാണുന്നില്ല. 23.1.18 ലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിൽ *ഗ്രാമസഭ അംഗീകരിച്ച പശുവളർത്തൽ പദ്ധതിക്കുള്ള ഗുണഭോക്തൃലിസ്റ്റ് വെറ്ററിനറി സർജന് കൈമാറാൻ നിർദേശിക്കുന്നു.* എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണഭോക്താക്കൾ എസ്.സി.വിഭാഗത്തിൽ ഉൾപ്പെട്ടവരല്ലാത്തതിനാൽ ആനുകൂല്യം നൽകുവാൻ കഴിഞ്ഞില്ല എന്നാണ് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചത്. ഗുണഭോക്താക്കൾ എസ്.സി. വിഭാഗത്തിൽപ്പട്ടവരാണോ എന്ന് പോലും പരിശോധിക്കാതെയാണ് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയത് എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

2. ആടുവളർത്തൽ (SCP) – തനത് ഫണ്ട് ചെലവഴിച്ചില്ല

നമ്പർ -17/18 (96/17)

അടങ്കൽ- 247740 (plan)

- 86250 (ഗുണഭോക്തൃവിഹിതം)

- 11010 (തനത് ഫണ്ട്)

ചെലവ് - ബിൽ നമ്പർ - 1/14.8.17 – 101250

- 2/ 14.8.17 – 67500

- 3/19.10.17 – 78750

ആകെ പദ്ധതി വിഹിതം ചെലവ് - 247500

ഗുണഭോക്തൃവിഹിതം ചെലവ്- 56250

പദ്ധതി പ്രകാരം 11010 രൂപ തനത് ഫണ്ട് വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതിഫണ്ടിൽ നിന്നും മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തിയ തനത് ഫണ്ട് ആനുപാതികമായി ചെലവഴിക്കാതെ സബ്സിഡി തുക പൂർണ്ണമായും പദ്ധതി ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചത്. വിഭവ സ്രോതസ്സിൽ തനത് ഫണ്ട് രേഖപ്പെടുത്തി അംഗീകാരം ലഭിച്ച പദ്ധതികളിൽ യാതൊരു കാരണവശാലും വിഭവസ്രോതസ്സ് മാറ്റാവുന്നതല്ല എന്ന് പദ്ധതി മാർഗരേഖയിൽ (G.O(MS) 72/17/29.3.17) വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്.

29 ഗുണഭോക്താക്കൾക്ക് 3 ആട് വീതം വിതരണം ചെയ്യുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം . 2016-17 ൽ 6 ഗുണഭോക്താക്കൾക്കും 2017-18 ൽ 22 ഗുണഭോക്താക്കൾക്കും (ആകെ 28 ) പദ്ധതി പ്രകാരം സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് കൂടി ധനസഹായം അനുവദിക്കാൻ ഫണ്ടും ഗുണഭോക്തൃലിസ്റ്റും നിലവിലുണ്ടായിരുന്നുവെങ്കിലും സബ്സിഡി അനുവദിച്ചില്ല. കൂടാതെ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ബാക്കിയുള്ളവർക്കായി വീണ്ടും തൻവർഷം (2017-18 ) മറ്റൊരു ആട്ടുവളർത്തൽ പദ്ധതി ആവിഷ്കരിക്കുകയും 10 പേർക്ക് സബ്സിഡി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഗുണഭോക്താക്കളുടെ ആവശ്യകതയെ അടിസ്ഥാനമാക്കി പദ്ധതി രൂപീകരിക്കുകയും അടങ്കൽ തീരുമാനിക്കുകയും ചെയ്യാതിരുന്നതിനാലാണ് നിലവിലെ ഗുണഭോക്തൃലിസ്റ്റിലുള്ളവർക്കായി വീണ്ടും പുതിയ പദ്ധതി ആവിഷ്കരിക്കേണ്ടിവന്നത്.

2. ആട്ടുവളർത്തൽ പദ്ധതി (SCP) – 162/18

അടങ്കൽ - 225000(പ്ലാൻ)

ഗുണഭോക്തൃവിഹിതം - 75000

ആകെ - 300000

ചെലവ് - ബിൽ നമ്പർ - 5/ 23.2.18 – 101250

- 6/12.3.18 – 11250

ഗുണഭോക്തൃവിഹിതം ചെലവ് - 33750 -

20 ഗുണഭോക്താക്കൾക്ക് 3 ആട് വീതം വിതരണം ചെയ്യുന്നതിനായുള്ള പദ്ധതി പ്രകാരം

തൻവർഷം 10 ഗുണഭോക്താക്കൾക്ക് മാത്രമാണ് ധനസഹായം നൽകിയിട്ടുള്ളത്. ലിസ്റ്റിലുള്ളവർ ഗുണഭോക്തൃവിഹിതം ഒടുക്കാൻ തയ്യാറല്ലാതിരുന്നതിനാലാണ് പദ്ധതി പൂർത്തിയാക്കാതിരുന്നത് എന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ ആവശ്യകത വിലയിരുത്തി പദ്ധതി തുക വകയിരുത്തേണ്ടതും പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്ത് നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികളുടെ തുക റീഅപ്രോപ്രിയേറ്റ് ചെയ്യാവുന്നതുമാണ്.

3.കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് - 58/18

അടങ്കൽ - 300000(പദ്ധതിഫണ്ട്)

ചെലവ് - 300000

ബിൽ നമ്പർ - 4/6.1.18

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് 48 ഗുണഭോക്താക്കൾക്കായി പദ്ധതിവിഹിതമായ ₹ 300000/- അസിസ്റ്റന്റ് ഡയറക്ടർ, കാഫ്ഫീഡ് പ്രൊഗ്രാമിന് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

19.5.2017 ന് നടത്തിയ വികസന സെമിനാറിന്റെ മിനിട്സിൽ 80 പശുകുട്ടികൾക്കുള്ള കാലിത്തീറ്റ സബ്സിഡിക്കായി 500000 രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഫണ്ടിന്റെ ലഭ്യത കണക്കിലെടുത്ത് 48 ഗുണഭോക്താക്കൾക്ക് മാത്രമായി പദ്ധതി പരിമിതപ്പെടുത്തിയതായും ഫെബ്രുവരി 2018 മുതൽ കാലിത്തീറ്റ വിതരണം ആരംഭിച്ചിട്ടുള്ളതായും നിർവഹണഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി - 7/27.7.18).

ഗുണഭോക്താക്കളില്ലാത്തതിനാൽ ആട്ടുവളർത്തൽ, പശു വളർത്തൽ എന്നീ പദ്ധതികൾക്കുള്ള ഫണ്ട് ചെലവഴിക്കാതെ വരുകയും ഫണ്ടിന്റെ പര്യാപ്തമല്ലാത്തതിനാൽ കന്നുകുട്ടിപരിപാലന പദ്ധതിയിൽ ഗുണഭോക്താക്കളുടെ എണ്ണം പരിമിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ ആവശ്യകത വിലയിരുത്തിയശേഷം വിവിധ പദ്ധതികൾക്ക് ഫണ്ട് വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2014-15മുതൽ 2017-18വരെ വർഷങ്ങളിൽ പദ്ധതിക്കായി അസി.ഡയറക്ടർക്ക് നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല എന്നും നിർവഹണഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യേണ്ടതും പദ്ധതി കാലാവധി കഴിയുമ്പോൾ നിർവഹണഉദ്യോഗസ്ഥൻ വിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. വിനിയോഗിക്കാതെ അവശേഷിക്കുന്ന പദ്ധതി ഫണ്ട് തിരികെ ഈടാക്കേണ്ടതുമാണ്.

## 3-8 വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ

വിദ്യാഭ്യാസം, കല, സാംസ്കാരിക വർക്കിംഗ് ഗ്രൂപ്പ് 17.4.17 ന് അംഗീകരിച്ച റിപ്പോർട്ടിൽ 11 പദ്ധതികളാണ് ഉണ്ടായിരുന്നത്. ഇതിൽ 5 എണ്ണം മരാമത്ത് പ്രവർത്തികളും 6 എണ്ണം ഹെഡ്മാസ്റ്റർ നിർവഹിക്കേണ്ടതുമായിരുന്നു. 23.5.17 ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച പ്രൊജക്ട് ലിസ്റ്റിൽ വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്തവയിലെ 4 പദ്ധതികളും കൂടാതെ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതിയും നിർബന്ധ പ്രൊജക്ടായ എസ്.എസ്.എ (ജനറൽ) & (എസ്.സി.പി) പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ (ആകെ 7 എണ്ണം )ഭരണസമിതിയും ഡി.പി.സി.യും അംഗീകരിച്ചിട്ടുണ്ട്. 3491281 രൂപ

അടങ്കലായി അംഗീകരിച്ച 7 പദ്ധതികളിൽ 4 എണ്ണം (ചെലവ് - 1459478) മാത്രമാണ് നടപ്പിലാക്കുവാൻ കഴിഞ്ഞത് . അടങ്കലിന്റെ 42 % മാത്രമാണ് തൻവർഷം പദ്ധതി നിർവഹണത്തിനായി ചെലവഴിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. മിനിട്സ് പരിശോധിച്ചതിൽ പദ്ധതി പ്രവർത്തനങ്ങളെ കുറിച്ച് സ്ററാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്തതായോ ആവശ്യമായ നിർദേശങ്ങൾ നൽകിയതായോ കാണുന്നില്ല.

അംഗീകാരം ലഭിച്ചിട്ടും നടപ്പിലാക്കാത്ത പദ്ധതികൾ

1. എസ്.സി.വിദ്യാർത്ഥികൾക്ക് മേശ, കസേര (93/18)

അടങ്കൽ- 500000

2.എസ്.സി.വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് (159/18)

അടങ്കൽ - 600000

3. എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (46/18)

അടങ്കൽ - 600000

2018-19 വർഷത്തിൽ പൂർത്തീകരിച്ചതായി നിർവഹണഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

നടപ്പിലാക്കിയ പദ്ധതികൾ

എസ്.എസ്.എ (42/18 & 43/18)

എസ്.എസ് എ. പദ്ധതിക്കുള്ള വിഹിതം നൽകുന്നതിനുള്ള 2 പദ്ധതികൾ പ്രകാരം ജനറൽ വിഹിതമായി 800148 രൂപയും എസ്.സി. വിഹിതമായി 281133 രൂപയും നൽകിയിട്ടുണ്ട്. തുക പൂർണ്ണമായും വിനിയോഗിച്ചതായി എസ്.എസ്.എ. യിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ (142/18)

അടങ്കൽ - 300000

ചെലവ് - 298197 (ബിൽ നമ്പർ - 3/26.3.18)

എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങുന്നതിനുള്ള പദ്ധതി പ്രകാരം 72 വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്തിട്ടുണ്ട്. ഗ്രാമസഭ അംഗീകരിച്ച 53 പേരുടെ ലിസ്റ്റ് 28.9.17 ലെ ഭരണസമിതി അംഗീകരിച്ചു നൽകി .എന്നാൽ 9.1.18 ലെ ടെണ്ടർ പ്രകാരം 72 സൈക്കിളുകൾ വാങ്ങിയിട്ടുണ്ട്. തുടർന്ന് 21.3.18 ന് 25 വിദ്യാർത്ഥികളുടെ അഡീഷണൽ ലിസ്റ്റ് അംഗീകരിക്കുകയും 72 സൈക്കിളുകളും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തശേഷം മാത്രമാണ് സൈക്കിൾ പർച്ചേസ് നടത്തേണ്ടിയിരുന്നത്. സബ്സിഡി മാർഗരേഖ ജി.ഒ (എം.എസ്) 4/16/തസ്വഭവ തീയതി 11.1.16 ലെ 6(8) പ്രകാരം വിദ്യാർത്ഥികളുടെ ലിസ്റ്റ് സ്കൂളുകളിൽ നിന്നുമാണ് ലഭ്യമാക്കേണ്ടത് എന്നതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ നിന്നുമാണ് വിദ്യാർത്ഥികളുടെ ലിസ്റ്റുകൾ ലഭ്യമാക്കേണ്ടിയിരുന്നത്. എന്നാൽ പദ്ധതി പ്രകാരം പാലക്കാട് നഗരസഭാപരിധിയിലെ സ്കൂളുകളിലെ (മോയൻ മോഡൽ സ്കൂൾ) വിദ്യാർത്ഥികൾക്കും സൈക്കിൾ

നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കമ്പോൾ പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഉന്നതപഠനം നടത്തുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (103/18)

അടങ്കൽ - 410000/-

ചെലവ് - 80000/- (ബിൽ നമ്പർ- 4/31.3.18)

ഉന്നതപഠനം നടത്തുന്ന എസ്.സി വിദ്യാർത്ഥികൾക്ക് 20000/- രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. ഗ്രാമസഭയിൽ നിന്നും പദ്ധതിക്കായി 16 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിൽ 4 പേർ മാത്രമാണ് അർഹതയുള്ളത് എന്ന് ഹെഡ്മാസ്റ്റർ ഗ്രാമപഞ്ചായത്തിനെ അറിയിക്കുകയും 21.3.18 ലെ ഭരണസമിതി 4 ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ അഭാവത്തിൽ വകയിരുത്തിയ 4.1 ലക്ഷത്തിൽ 80000/- രൂപ മാത്രം ചെലവഴിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. ഗുണഭോക്താക്കളുടെ ആവശ്യകതയെ അടിസ്ഥാനമാക്കിയാണ് പ്രൊജക്ടുകൾ രൂപീകരിക്കേണ്ടത്. അർഹതയുള്ള ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ടിന് തുക വകയിരുത്തേണ്ടതും സമയബന്ധിതമായി ഗുണഭോക്തൃതിരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കുവാൻ നിർവഹണ ഉദ്യോഗസ്ഥനും വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല.

പ്രൊജക്ട് നമ്പർ : S0057/18

പ്രൊജക്ട് : പറളി ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ (എൻ.ആർ.എച്ച്.എം)

അടങ്കൽ : 5,00,000

ചെലവ് : 5,00,000

ബിൽ നമ്പർ : 1/17-18 dt 22.8.17

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ആയുർവ്വേദം

പറളി ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് മേൽ സൂചിപ്പിച്ച ബിൽ നമ്പർ പ്രകാരം 5,00,000 രൂപ ഔഷധിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 591300590000015, PNB കുട്ടനെല്ലൂർ) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. അതനുസരിച്ച് താഴെ പറയുന്ന തുകക്കുള്ള മരുന്നുകൾ ഔഷധി ആയുർവേദ ആശുപത്രിയിലേക്ക് നൽകിയിട്ടുണ്ട്.

| ക്രമനമ്പർ | ഇൻവോയ്സ് നമ്പർ/തീയ്യതി | തുക |
|---|---|---|
| 1 | 90033657/16.09.17 | 2,19,022.00 |

| | | |
|---|---|---|
| 2 | 90058455/18.03.18 | 70,005.00 |
| 3 | 90055029/23.02.18 | 1,11,282.00 |
| 4 | 90056698/02.03.18 | 44,919.00 |
| 5 | 90050188/23.01.18 | 53,564.00 |
| ആകെ | | 4,98,792.00 |

ലഭിക്കാൻ ബാക്കിയുള്ള 1208 രൂപക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുന്നതിന് നൽകിയ 03/20.02.2018 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് (5/26.07/18) മറുപടിയൊന്നും ഹാജരാക്കിയില്ല. മരുന്ന് ലഭ്യമാകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-10 മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താത്തത് സംബന്ധിച്ച്

പ്രൊജക്റ്റ് നമ്പർ : 56

പ്രൊജക്റ്റ് : ഗവ.ഹോമിയോ സബ്സെന്റർ, കുത്തുപറമ്പ് -മരുന്ന് വാങ്ങൽ

അടങ്കൽ : 1,00,000

ചെലവ് : 1,00,000

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ഹോമിയോ
ബിൽ നമ്പർ : 2/17-18 dt 19.8.17

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് മേൽ സൂചിപ്പിച്ച ബിൽ നമ്പർ പ്രകാരം 1,00,000 രൂപ കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. താഴെ പറയുന്ന പ്രകാരം 1,00,000 രൂപക്ക് മരുന്നുകൾ ലഭ്യമായതിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ | തീയ്യതി | തുക |
|---|---|---|
| LF -1903 | 17.03.2018 | 43120.00 |
| LF-1556 | 31.01.2018 | 56880.00 |
| ആകെ | | 100000.00 |

പ്രസ്തുത മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയെങ്കിലും രജിസ്റ്ററിൽ ലഭ്യമായ മരുന്നുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല (ഓഡിറ്റ് അന്വേഷണം 8/27.7.18). ആയതിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-11 സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

2017-18 ലെ താഴെ പറയുന്ന പ്രൊജക്റ്റുകൾ പ്രകാരം വിവിധ ആവശ്യങ്ങൾക്കായി വാങ്ങി വിതരണം ചെയ്ത സാധനങ്ങൾക്കുള്ള സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റ് വേളയിൽ ഹാജരാക്കുകയുണ്ടായില്ല

I.

| | |
|---|---|
| പ്രൊജക്റ്റ് നം | S0016/18 |
| പേര് | സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ - ഷീ പാഡ്. |
| വികസന ഫണ്ട് | 3,51,000/- (അടങ്കൽ) |
| ചെലവ് | ബിൽ നം./തിയതി |
| 1,84,049/- | 6/27/02/2018 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സിഡി.എസ്. സൂപ്പർവൈസർ |

മേൽ പറയുന്ന പ്രൊജക്റ്റ് പ്രകാരം പഞ്ചായത്തിന്റെ പരിധിയിലുള്ള താഴെ പറയുന്ന സ്കൂളുകളിലെ വിദ്യാർത്ഥിനികൾക്ക് വിതരണം ചെയ്യുവാനായി സാനിറ്ററി നാപ്കിൻ - ഷീ പാഡുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | സ്കൂളിന്റെ പേര് | ഷീ-പാഡിന്റെ എണ്ണം |
|---|---|---|
| 1 | പറളി ഹയർ സെക്കൻഡറി സ്കൂൾ | 8400 |
| 2 | ജി.യു.പി.എസ്., എടത്തറപ്പള്ളി | 1440 |
| 3 | എ.യു.പി.എസ്, തേന്നൂർ, കല്ലേമൂച്ചിക്കൽ | 960 |
| ആകെ | | 10800 |

മേൽ സൂചിത 10,800 ഷീ-പാഡുകൾ വിവിധ സ്കൂളുകൾക്ക് വിതരണം ചെയ്തതിനും, ആയവ പ്രസ്തുത സ്കൂൾ അധികൃതർ കൈപ്പറ്റിയതിനുമുള്ള സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.പ്രസ്തുത വിശദവിവരങ്ങളോട് കൂടിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കുന്നത് വരെ ഇതിലേക്കായി ചെലവായ 1,84,049/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

II.

| | |
|---|---|
| പ്രൊജക്റ്റ് നം | S0105/18 |
| പേര് | വനിതകൾക്ക് പ്രതിരോധ പരിശീലന പരിപാടി |
| വികസന ഫണ്ട് | 1,00,000/- (അടങ്കൽ) |

| ചെലവ് | ബിൽ നം./തിയതി |
|---|---|
| 37,200/- | 7/5/3/2018 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സിഡി.എസ്. സൂപ്പർവൈസർ |

മേൽ പറയുന്ന പ്രൊജക്റ്റ് പ്രകാരം വനിതകൾക്ക് യോഗ പരിശീലനത്തിനായി കേരള ഖാദി വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൽ നിന്നും (50 ഖാദി കാർപ്പെറ്റ് റിബേറ്റ് കിഴിച്ച് ഒരെണ്ണത്തിന് 744/- രൂപ നിരക്കിൽ 37,200/- രൂപയ്ക്ക് )ഖാദി കാർപ്പെറ്റുകൾ വാങ്ങിയിട്ടുണ്ടെങ്കിലും ആയത് വിതരണം ചെയ്തതിനുള്ള വിശദവിവരങ്ങൾ അടങ്ങിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രസ്തുത വിശദവിവരങ്ങൾ അടങ്ങിയ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുന്നത് വരെ ഇതിലേക്കായി ചെലവായ 37,200/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-12 ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം-അവലോകനം

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | അങ്കണവാടികളുടെ എണ്ണം | 42 |
| 2 | ജീവനക്കാരുടെ എണ്ണം (വർക്കർ, ഹെൽപ്പർ) | 42,42 |
| 3 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം | 8 |
| 4 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിച്ച സെന്ററുകളുടെ എണ്ണം | 42 |
| 5 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവയുടെ എണ്ണം | ഇല്ല |
| 6 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സെന്ററുകളുടെ എണ്ണം | ഇല്ല |
| 7 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 04 |
| 8 | ഫാൻ ഇല്ലാത്തവ | 06 |
| 9 | വാടക കെട്ടിടത്തിലുള്ള അങ്കണവാടികളുടെ എണ്ണം | 08 |
| 10 | ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ഇല്ലാത്തവ | 08 |
| 11 | ശുദ്ധജല സംഭരണികൾ ഇല്ലാത്തവ | 30 |
| 12 | ചുറ്റ് മതിൽ ഇല്ലാത്തവ | 12 |

| | | |
|---|---|---|
| 13 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം | 03 |
| 14 | ധാന്യ സംഭരണികൾ ഇല്ലാത്തവ | 14 |

സർക്കുലർ നം. 31055/ഡി.സി.2/2011/ത.സ്വ.ഭ.വ 22/3/11 പ്രകാരം അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സർക്കാർ താഴെപറയും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1. പഞ്ചായത്തിന്റെ അധീനതയിലുള്ള അങ്കണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തീകരിക്കേണ്ടതാണ്.
2. വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, വൈദ്യുതീകരണം, ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് എന്നിവയുടെ കേടുപാടുകൾ തീർത്ത് ചുറ്റ്മതിലിൽ പെയിന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.
3. ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അങ്കണവാടികൾക്കായി വാടകയ്ക്ക് എടുക്കുവാൻ പാടുള്ളൂ.

മേൽ സൂചിത വിവരങ്ങളുടെ അടിസ്ഥാനത്തിൽ അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങളുടെ ആവശ്യകതകൾ പൂർണ്ണമായി പരിഗണിക്കപ്പെടുന്നില്ലായെന്ന് മനസ്സിലാക്കാവുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തിലെ അങ്കണവാടികളുടെ അടിസ്ഥാന വിശകലനം നടത്തി മേൽ സൂചിത പട്ടികയിൽ ചൂണ്ടികാണിച്ചിരിക്കുന്ന അങ്കണവാടികളുടെ ഭൗതിക പോരായ്മകൾ ദൂരീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 അംഗീകാരം ലഭ്യമാക്കിയ ശേഷം പ്രൊജക്റ്റ് നിർവ്വഹിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിൽ യഥാവിധം അംഗീകാരം ലഭ്യമാക്കിയ ശേഷം താഴെ പറയുന്ന പ്രൊജക്റ്റ് നിർവ്വഹിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം. | S0123/18 |
| പേര് | വീട് വയറിംഗ് (എസ്.സി.പി) |
| അടങ്കൽ (എസ്.സി.പി) | 1,20,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. |

2016-17 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ച ഈ പദ്ധതി 26.04.2017ൽ നടന്ന വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണ സമിതിയുടെയും ശുപാർശ പ്രകാരം 2017-18 ൽ സ്പിലോവറായി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് വേളയിൽ പ്രൊജക്റ്റ് നിർവ്വഹിക്കാത്തതിന്റെ സാഹചര്യം രേഖാമൂലം ആവശ്യപ്പെട്ടിരുന്നു. (അന്വേഷണ നം.9) പദ്ധതി നിർവ്വഹണ കാലയളവിനുള്ളിൽ ഗുണഭോക്താക്കളാർക്കും തന്നെ വീട് വയറിംഗ് പൂർത്തിയാക്കുവാൻ കഴിഞ്ഞില്ലാത്തതിനാലാണ് പദ്ധതി നിർവ്വഹിക്കുവാൻ സാധ്യമാവാതിരുന്നതെന്നാണ് വി.ഇ.ഒ. രേഖാമൂലം വിശദീകരിച്ചിട്ടുള്ളത്. പ്രൊജക്റ്റ് നിർവ്വഹണം നിർവ്വഹണ കലണ്ടർ പ്രകാരം നടക്കുന്നുണ്ടോയെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തി പദ്ധതി കാലയളവിൽ തന്നെ നിർവ്വഹിക്കപ്പെടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ മേൽ സാഹചര്യം ഒഴിവാക്കുവാൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

**2.** മാലിന്യ സംസ്കരണം ബയോഗ്യാസ് പ്ലാന്റ് (എസ്.സി.പി)

| | |
|---|---|
| പ്രൊജക്റ്റ് നം. | SO125/18 |
| അടങ്കൽ- എസ്.സി.പി | 26,01,920/- |
| ധനകാര്യ കമ്മീഷൻ അവാർഡ് | 5,580/- |
| മറ്റുള്ളവ | 2,43,000/- |
| അടങ്കൽ | 8,50,500/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ. |

2016-17 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ കരാറിലേർപ്പെടുകയും പദ്ധതി നിർവ്വഹണം നടത്താൻ കഴിയാത്ത സാഹചര്യവുമായതിനാൽ 2017-18 ൽ സ്പിലോവറായി തുടർന്ന് വരികയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹിക്കാതെ ഉപേക്ഷിക്കപ്പെട്ടതിനുള്ള വിശദീകരണം രേഖാമൂലം ലഭ്യമാക്കുവാൻ വി.ഇ.ഒ. യോട് ആവശ്യപ്പെട്ടിരുന്നു.(അന്വേഷണ നം.9) 26.04.2017 ൽ നടന്ന വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും, ഭരണസമിതിയുടേയും ശുപാർശ പ്രകാരമാണ് 2017-18 ൽ സ്പിലോവറായി അംഗീകാരം ലഭ്യമായിട്ടുള്ളത്. പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം 3000/- രൂപ ഗുണഭോക്തൃ വിഹിതം അടയ്ക്കുവാനായി വിഭാവനം ചെയ്തിരുന്നെങ്കിലും ആയതിന് ആരും സന്നദ്ധരായിരുന്നില്ല. ആയതിനാലാണ് മേൽ സൂചിത പദ്ധതി ഉപേക്ഷിക്കാനിടയായതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടിയിൽ വിശദീകരിച്ചിട്ടുള്ളത്.

3. പുതിയ തുറന്ന കിണർ എസ്.ടി. കുടുബങ്ങൾക്ക്

2017-18 സാമ്പത്തിക വർഷത്തിൽ യഥാവിധം അംഗീകാരം ലഭ്യമാക്കിയ ശേഷം താഴെ പറയുന്ന പ്രൊജക്റ്റ് നിർവ്വഹിച്ചിട്ടില്ല:

| | |
|---|---|
| പ്രൊജക്റ്റ് നം. | SO121/18 |
| അടങ്കൽ (ടി.എസ്.പി) | 20,000/- |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. |

മേൽ സൂചിത പദ്ധതി 2016-17 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭ്യമാക്കിയിട്ടുള്ളതാണ്. ഒരു ഗുണഭോക്താവ് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കരാറിലേർപ്പെടുകയും ചെയ്തു.2016-17 ൽ പദ്ധതി നിർവ്വഹണം സാധ്യമാവാത്തതിനാൽ 2017-18 ൽ സ്പില്ലോവറായി തുടർന്നു. 2017-18 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പ്രൊജക്റ്റ് നിർവ്വഹിക്കപ്പെട്ടിട്ടില്ല. ആയതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. (അന്വേഷണ നം.9) ആയതിനുള്ള മറുപടിയിൽ പറളി ഗ്രാമ പഞ്ചായത്തിൽ എസ്.ടി വിഭാഗത്തിൽ ഉൾപ്പെട്ടത് ഒരു ഗുണഭോക്താവ് മാത്രമാണെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. നിലവിൽ ഇവരെ IAY ഭവന പദ്ധതിയിലുൾപ്പെടുത്തി ധനസഹായം നൽകി വരുന്നുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ഇവർക്ക് കിണർ നിർമ്മാണം നടത്തുവാൻ കഴിയാത്തതിനാൽ പദ്ധതി ഉപേക്ഷിക്കപ്പെട്ടതായാണ് വി.ഇ.ഒ. രേഖാമൂലം വിശദീകരിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹിക്കുവാൻ കഴിയാത്തതിനാൽ അനുവദിച്ച പദ്ധതി ഫണ്ട് നഷ്ടമാകുന്നതിനിടയാക്കപ്പെട്ടു.

4.കുടുബശ്രീ സ്വയംതൊഴിൽ സംരഭങ്ങൾക്ക് ധനസഹായം

| | |
|---|---|
| പ്രൊജക്റ്റ് നം. | S0165/18 |
| അടങ്കൽ (എസ്.സി.പി) | 3,50,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ. |

26.04.2017 ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയും, ഭരണസമിതിയുടെ അംഗീകാരത്തിന്റേയും അടിസ്ഥാനത്തിലാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്.പദ്ധതി നിർവ്വഹിക്കപ്പെടാത്തതിനുള്ള സാഹചര്യം വി.ഇ.ഒ. യോട് രേഖാമൂലം ആവശ്യപ്പെട്ടിരുന്നു. (അന്വേഷണ നം.9). സി.ഡി.എസിൽ രജിസ്റ്റർ ചെയ്ത് ഗ്രേഡിംഗ് കഴിഞ്ഞ് സ്വയം തൊഴിൽ ചെയ്യാൻ സന്നദ്ധരായ അംഗങ്ങൾ അടങ്ങിയ പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട സ്വയം സഹായ സംഘങ്ങൾക്കാണ് മേൽ പദ്ധതിയിലൂടെ ആനുകൂല്യം ലഭ്യമാവുക. പദ്ധതി നിർവ്വഹണ കാലയളവിനുള്ളിൽ ഗ്രാമപഞ്ചായത്തിലെ സി.ഡി.എസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇത്തരം സംഘങ്ങളുടെ പേര് വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥക്ക് കൈമാറുകയുണ്ടായില്ലായെന്ന് മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. 21.10.2017, 3.11.2017, 10.11.2017 എന്നീ തിയ്യതികളിൽ സി.ഡി.എസ് അംഗങ്ങളെ പങ്കെടുപ്പിച്ച് വിശദീകരണ യോഗങ്ങൾ നടത്തിയിരുന്നു. പിന്നീട് ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാവാതെ വന്നപ്പോൾ ലിസ്റ്റ് ആവശ്യപ്പെട്ട് 22.3.2018 ൽ വി.ഇ.ഒ. പഞ്ചായത്തിലേക്ക് കത്ത് അയച്ചിരുന്നു. എന്നിട്ടും പദ്ധതി കാലയളവിനുള്ളിൽ ഗുണഭോക്തൃ ഗ്രൂപ്പിന്റെ ലിസ്റ്റ് ലഭ്യമാവാതെ വന്നതിനാലാണ് മേൽ സൂചിത പദ്ധതി ഉപേക്ഷിക്കുവാൻ കാരണമായതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ രേഖാമൂലം വിശദീകരിച്ചിട്ടുള്ളത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പദ്ധതി രൂപീകരണ വേളയിൽ തന്നെ പ്രൊജക്റ്റിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി ഗുണഭോക്താക്കളെ കണ്ടെത്തേണ്ടതാണ്.
2. പദ്ധതി നിർവ്വഹണം സാധ്യമാവാത്തപക്ഷം സ്റ്റാന്റിംഗ് കമ്മിറ്റികൾ വിലയിരുത്തി കരട്

പദ്ധതി രേഖയിൽ ആവശ്യമായ ഭേദഗതികൾ നിർദ്ദേശിച്ച് മറ്റ് പദ്ധതികൾകാകിയ അടങ്കൽ വകയിരുത്താവുന്നതാണ്.

3. മേൽ നടപടികൾ സമയബന്ധിതമായി സ്വീകരിക്കാത്തപക്ഷം അനുവദിക്കപ്പെട്ട ഫണ്ട് നഷ്ടമാകുവാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടും എന്നതിനാൽ ഭാവിയിൽ മേൽ സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 3-14 പദ്ധതിക്ക് അന്തിമ രൂപം നൽകി അംഗീകാരം ലഭിച്ച ശേഷം പ്രൊജക്റ്റ് നിർവ്വഹിക്കപ്പെട്ടിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിൽ യഥാവിധം അംഗീകാരം ലഭ്യമാക്കിയ ശേഷം താഴെ പറയുന്ന പ്രൊജക്റ്റ് നിർവ്വഹിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം. | SO127/18 |
| പേര് | വിദേശത്ത് തൊഴിൽ ലഭിക്കുന്ന പട്ടികജാതി യുവജനങ്ങൾക്ക് ധനസഹായം |
| അടങ്കൽ (എസ്.സി.പി) | 50,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രാമഭയുടെ നിർദ്ദേശത്തിന്റേയും, വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശയുടേയും അടിസ്ഥാനത്തിലാണ് മേൽ സൂചിത പ്രൊജക്റ്റ് ഭരണസമിതിയുടെ നിർദ്ദേശാനുസരണം അന്തിമാക്കി അംഗീകരം ലഭ്യമാക്കിയിട്ടുള്ളത്. വ്യക്തിഗത ഗണഭോക്താക്കളെ ആനുകൂല്യം ലഭ്യമാക്കുവാനായി ക്ഷണിച്ചതിൻ പ്രകാരം ഒരു ഗുണഭോക്താവ് മാത്രമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

ഗുണഭോക്താവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1)ചിത്ര.ആർ, D/o രാമകൃഷ്ണൻ, പുളിക്കൽ പറമ്പ് (വീട്), പറളി

നിർവ്വഹണ നടപടികൾ ആരംഭിക്കുവാനായി ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുവാൻ ഗുണഭോക്താവിനോട് ആവശ്യപ്പട്ടപ്പോൾ ടിയാരിക്ക് നാളിത് വരെ വിസ ലഭ്യമായിട്ടില്ലായെന്ന വിവരമാണ് അറിയിച്ചതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖാമൂലം അറിയിച്ചിട്ടുള്ളത്. (അന്വേഷണ നം.10) ഗുണഭോക്താവിന് പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ സമയബന്ധിതമായി സമർപ്പിക്കുവാൻ കഴിയാത്തതിനാൽ അവർക്ക് കരാറിലേർപ്പെടുവാൻ സാധിച്ചില്ല. കരാർ ചമയ്ക്കുവാൻ സാധ്യമാവാത്തതിനാൽ ഈ പദ്ധതി സ്പിൽ ഓവറായി അടുത്ത സാമ്പത്തിക വർഷത്തിൽ തുടരാൻ കഴിയിയാത്ത സാഹചര്യം കണക്കിലെടുത്ത് പദ്ധതി ഉപേക്ഷിക്കുവാൻ ഭരണസമിതി ശുപാർശ ചെയ്യുവെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹിക്കുവാൻ കഴിയാത്തതിനാൽ അനുവദിച്ച പദ്ധതിഫണ്ട് നഷ്ടമാകുന്നതിനിടയാക്കപ്പെട്ടു. ഗുണഭോക്താക്കളെ പദ്ധതി മാനദണ്ഡങ്ങൾക്കനുസൃതമായി സമയബന്ധിതമായി കണ്ടെത്താത്തപക്ഷം പദ്ധതിയുടെ നിർവ്വഹണം സ്റ്റാൻഡിംഗ് കമ്മിറ്റികൾ വിലയിരുത്തി ആവശ്യമായ ഭേദഗതികൾ നിർദ്ദേശിച്ച് മറ്റു പദ്ധതികൾക്കായി പ്രസ്തുത ഫണ്ട് വകയിരുത്താവുന്നതാണ്. ഭാവിയിൽ ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകളെ ഒഴിവാക്കി വിഭവ പരിധിക്കുള്ളിൽ നിന്നുകൊണ്ട് മുൻഗണനാടിസ്ഥാനത്തിൽ പ്രൊജക്ടുകൾ തെരെഞ്ഞെടുത്ത് പദ്ധതിക്ക് അന്തിമ രൂപം നൽകണം.

## 3-15 കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിന് ജല അതോറിറ്റിയിൽ നിന്നും 29.4.2002ന് കൈമാറികിട്ടിയ കടവത്ത് കുടിവെള്ള പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചതിൽ തൻവർഷത്തെ വരവ് 330744 രൂപയും ചെലവ് 1331142 രൂപയുമാണെന്ന് കാണുന്നു.

കുടിവെള്ള പദ്ധതിയുടെ വിശദവിവരം താഴെ ചേർക്കുന്നു

<u>കണക്ഷനുകളുടെ വിവരം</u>

| | എണ്ണം | പ്രതിമാസ വാടക |
|---|---|---|
| ഗാർഹിക കണക്ഷനുകൾ | 707 | 50 |
| ഗാർഹികേതര കണക്ഷനുകൾ | 18 | 150 |
| വാണിജ്യസ്ഥാപനം സ്ഥാപനങ്ങൾ | 12 | 300 |
| ഫാക്ടറി | 1 | 202 |
| റെയിൽവേ | 1 | 450 |
| ആകെ | 739 | |

യഥാർത്ഥത്തിലുള്ള കണക്ഷനുകളുടെ എണ്ണം, ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക എന്നിവ രേഖപ്പെടുത്തി ഡിമാന്റ് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. കണക്ഷൻ വിച്ഛേദിച്ചവയുടെ വിവരവും അനധികൃത കണക്ഷനുകളുടെ വിവരവും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഡിമാന്റ് രജിസ്റ്റർ പ്രകാരം പല ഗുണഭോക്താക്കൾക്കും വെള്ളക്കരം കുടിശ്ശികയുണ്ട്.

വാർഷിക കണക്കുകൾ പ്രകാരം 2017-18 വർഷത്തെ വെള്ളക്കരം ഡിമാന്റ് 330744 രൂപയാണ്. തൻവർഷ വരവ് 330744 രൂപയും കുടിശ്ശിക വരവ് 247405 രൂപയുമാണ്. 176763രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി വൈദ്യുതി ചാർജ്, വേതനം, റിപ്പയർ ചാർജ്ജ് ഇനങ്ങളിൽ ഗ്രാമപഞ്ചായത്തിന് ചെലവഴിച്ച തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു

| | |
|---|---|
| വൈദ്യുതി ചാർജ്ജ് | 650936 |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 432000 |
| അറ്റകുറ്റപണികൾക്കായുള്ള ചെലവ് | 181028+67178 |
| ആകെ | 1331142 |

വെള്ളക്കരമിനത്തിലുള്ള തൻവർഷ വരവും (ഡിമാന്റ്- 330744 ) ചെലവും (1331142) തമ്മിൽ 10 ലക്ഷത്തിലധികം രൂപയുടെ അന്തരമുണ്ട്.

കുടിവെള്ള വിതരണത്തിന്റെ നടത്തിപ്പ ചുമതല മാത്രമാണ് 1994ലെ പഞ്ചായത്ത് രാജ് നിയമം 166 വകുപ്പ് (1) ഉപവകുപ്പ് 3-ാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിനുള്ളത്. അനിവാര്യ ചുമതലയിൽ ഉൾപ്പെടാത്ത കുടിവെള്ളവിതരണത്തിനായി ഗ്രാമപഞ്ചായത്തിലെ 739 കണക്ഷനുകൾ / ഗുണഭോക്താക്കൾക്കായി 10 ലക്ഷത്തിലധികം ആവർത്തന ചെലവായി വിനിയോഗിക്കുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രതയെ സാരമായി ബാധിക്കുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഓരോ കുടിവെള്ള പദ്ധതിക്കു കീഴിലും ഉള്ള ഗുണഭോക്താക്കളുടെ കൃത്യമായ കണക്ക് തയ്യാറാക്കി കുടിശ്ശിക വരുത്തിയവരിൽ നിന്നും പിഴ ഉൾപ്പെടെയുള്ള തുക ഈടാക്കേണ്ടതാണ്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

- വെള്ളക്കരമായി ഈടാക്കുന്ന തുക നാമമാത്രമായതിനാൽ ആയത് കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും അധിക ബാധ്യത ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. കൃത്യമായ നിബന്ധനകൾ ഉൾപ്പെടുത്തി ഒരു നിയമാവലി അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും ആയതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. മീറ്റർ റീഡിംഗിന്റെ അടിസ്ഥാനത്തിൽ വാടക ഈടാക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കേണ്ടതാണ്. അനധികൃത കണക്ഷനുകൾ വളരെയധികമുള്ളതായി എക്സിറ്റ് മീറ്റിങ്ങിൽ വാർഡ് മെമ്പർമാർ വ്യക്തമാക്കിയിരുന്നു. സർവ്വെ ഉൾപ്പെടെയുള്ള നടപടികളിലൂടെ നിലവിലുള്ള എല്ലാ കണക്ഷനുകളും പരിശോധിച്ച് അനധികൃത കണക്ഷനുകൾ കണ്ടെത്തി ക്രമീകരിക്കേണ്ടതാണ്.

  സർക്കാർ ഉത്തരവ് (സാധാ.) 1275 /2009 / ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഗുണഭോക്തൃസമിതി രൂപീകരിച്ച് കുടിവെള്ള പദ്ധതിയുടെ ആസ്തി-ബാധ്യതകൾ നിർണ്ണയിച്ച് ഗുണഭോക്തൃസമിതിയെയോ ജലനിധിയെയോ ഏൽപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

- കുടിവെള്ളടാങ്കുകൾക്ക് ഉയരം കുറവായതിനാൽ ഉപയോഗയോഗ്യമല്ല എന്നും പൈപ്പുകളുടെ ഗുണനിലവാരം കുറവായതിനാൽ പമ്പിംഗ് നടത്തുമ്പോൾ പൈപ്പ് പൊട്ടുന്നു എന്നും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 31.1.17 ന് ജലഅതോറിറ്റിക്ക് നൽകിയ കത്തിൽ പറയുന്നു. ആവശ്യമായ നടപടികൾ സ്വീകരിച്ച് പരിപാലനചെലവ് കുറയ്ക്കാൻ ശ്രമിക്കേണ്ടതാണ്.

- ഫിൽറ്റർ പ്ലാന്റ് നിലവിലുണ്ടെങ്കിലും ജലശുദ്ധീകരണം കാര്യക്ഷമമല്ല. ശുദ്ധീകരണപ്ലാന്റ് പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും കൃത്യമായ ഇടവേളകളിൽ ജലം പരിശോധിച്ച് ശുദ്ധജലമാണ് എന്ന് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 3-16 തെരുവ് വിളക്കുകളുടെ പരിപാലനം

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ 3-ാം പട്ടിക (15)പ്രകാരം തെരുവ് വിളക്കുകൾ കത്തിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. വാർഷികകണക്കുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ആവർത്തന ചെലവിനങ്ങളിലെ പ്രധാന ഇനം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജാണ്. സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ 1.1.2018 ന് പറളി കെ.എസ്.ഇ.ബി നൽകിയ സാക്ഷ്യപത്രം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ വിവരം താഴെ ചേർക്കുന്നു.

| ലാമ്പ് | എണ്ണം | പ്രതി മാസ നിരക്ക് | ചാർജ് |
|---|---|---|---|
| 60 വാട്ട് ബൾബ് | 65 | 102 | 6630 |
| സി.എഫ്. എൽ 2x11 | 1015 | 32 | 32480 |
| 250 വാട്ട് മെർക്കുറി | 3 | 447 | 1341 |
| സോഡിയം വേപ്പർ ലാമ്പ് | 7 | 447 | 3129 |
| സിംഗിൾ ട്യൂബ് 40 വാട്ട് | 860 | 66 | 56760 |
| ഡബിൾ ട്യൂബ് 2x40 | 65 | 134 | 8710 |

നിലവിൽ പ്രതിമാസം 2,10,020 രൂപയാണ് ഗ്രാമപഞ്ചായത്ത് തെരുവ് വിളക്ക് വൈദ്യുതിചാർജായി ഒടുക്കുന്നത്. തെരുവ് വിളക്കുകൾക്ക് നാളിതുവരെ മീറ്റർ സ്ഥാപിക്കാത്തതിനാൽ കെ.എസ്. ഇ.ബി വിളക്കുകളുടെ ഇനം അടിസ്ഥാനമാക്കി നിശ്ചിത നിരക്കിൽ ചാർജ് ഈടാക്കുകയാണ് ചെയ്യുന്നത്. വൈദ്യുതി വകുപ്പിന്റെ കണക്ക് പ്രകാരം 65 ഓർഡിനറി ബൾബുകൾ ഇപ്പോഴും നിലവിലുണ്ട്. ആവർത്തനചെലവ് കുറയ്ക്കുന്നതും തെരുവ് വിളക്കുകൾ കൃത്യമായി പരിപാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതും സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ച ചെയ്യുകയോ തീരുമാനങ്ങൾ കൈക്കൊള്ളുകയോ ചെയ്തിട്ടില്ല എന്ന് മിനുട്സുകൾ വ്യക്തമാക്കുന്നു.

എ.എം.സി

തെരുവ് വിളക്കുകളുടെ എ.എം.സി ഇനത്തിൽ കരാറുകാരനായ ശ്രീ.സുരേഷ് ബാബു,

കേരളശ്ശേരി എന്ന വ്യക്തിക്ക് 561311 രൂപ തൻവർഷം നൽകിയിട്ടുണ്ട്. (വൗച്ചർ നമ്പർ - 21701153/19.2.18). 12 ലക്ഷം രൂപയ്ക്കാണ് വാർഷിക കരാർ നൽകിയിട്ടുള്ളത്. വൈദ്യുതി വകുപ്പിന്റെ 1/18 ലെ സംയുക്തപരിശോധനറിപ്പോർട്ടിലെ എണ്ണം അടിസ്ഥാനമാക്കിയാണ് കരാർ തുക തീരുമാനിച്ചിട്ടുള്ളത്. അതിനാൽ മുൻവർഷങ്ങളിൽ സ്ഥാപിച്ച , ഗ്യാരന്റി കാലാവധി കഴിയാത്ത വിളക്കുകളുടെ വിവരം സ്റ്റോക് രജിസ്റ്ററിലോ ഫയലിലോ സൂക്ഷിച്ചിട്ടില്ല. അതിനാൽ എം.എം.സിയിൽ ഗ്യാരന്റി കാലയളവിലുള്ള വിളക്കുകൾ ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പാക്കുവാൻ കഴിയുകയില്ല.

വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം അടിസ്ഥാനമാക്കിയാണ് തുക അനുവദിച്ചുവരുന്നത്. കെ.എസ്.ഇ.ബിയുടെ മേൽനോട്ടത്തിലാണ് അറ്റകുറ്റപണി നടത്തേണ്ടത് എന്ന് കരാറിൽ (17/1.3.17) വ്യവസ്ഥയുണ്ടെങ്കിലും പ്രവർത്തി നടത്തിയതിന്റെ വിവരങ്ങൾ വൈദ്യുതിവകുപ്പ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ ഉപയോഗശൂന്യമായ / കേടായ ഉപകരണങ്ങൾ കരാറുകാരൻ തിരികെ ഏൽപ്പിച്ചിട്ടുമില്ല.

ഓഡിറ്റ് നിർദേശങ്ങൾ

- ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾക്ക് പകരം ഊർജ്ജ ഉപഭോഗം കുറവും കൂടുതൽ പ്രകാശം ലഭ്യമാകുന്നതുമായ എൽ.ഇ.ഡി /സി.എഫ്. ലാമ്പുകൾ സ്ഥാപിച്ചാൽ വൈദ്യുതി ചാർജ്ജിൽ ഗണ്യമായ കുറവ് വരുത്താവുന്നതാണ്.
- എല്ലാ ലാമ്പുകളേയും മീറ്റർ സംവിധാനത്തിനു കീഴിൽ കൊണ്ട് വരാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാമഗ്രികളുടെ ഗ്യാരണ്ടി കാലയളവ് ഉൾപ്പെടെയുള്ള വിവരങ്ങൾ സ്റ്റോക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
- എ.എം.സി പ്രകാരമുള്ള അറ്റകുറ്റപ്പണികൾ വൈദ്യുതി ബോർഡിന്റെ മേൽനോട്ടത്തിലാണ് നിർവഹിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- തെരുവ് വിളക്ക് മെയിന്റനൻസിനായി ഉപയോഗിക്കുന്ന ഇലക്ട്രിക് സാമഗ്രികളുടെ ബിൽ കരാറുകാരനിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

## 3-17 ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിനിയോഗവിവരം ലഭ്യമാക്കണം

സെക്രട്ടറി നിർവഹണം നടത്തിയ 3 പദ്ധതികൾക്കായി ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് / സംയുക്ത പ്രൊജക്ടുകൾക്കുള്ള പഞ്ചായത്ത് വിഹിതമായി, തുക മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റേയും പ്രവൃത്തി നടത്തിയതിന്റെയും വിവരങ്ങൾ നിർവഹണ ഉദ്യോഗസ്ഥർ വാങ്ങി സൂക്ഷിച്ചിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും മിനിട്സിൽ പ്രസ്തുത പദ്ധതികളുടെ

പുരോഗതി സമിതികൾ വിലയിരുത്തിയതായി രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. പദ്ധതികൾക്കായി ഫണ്ട് മുൻകൂറായി അനുവദിക്കുമ്പോൾ നിശ്ചിത സമയപരിധിക്കകം പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതും വിനിയോഗവിവരം ലഭ്യമാക്കി ചിലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ തിരികെ ഈടാക്കേണ്ടതുമാണ്.

വിശദവിവരം താഴെ ചേർക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക |
|---|---|---|---|
| വൈദ്യുതി ബോർഡ് | വിവിധ എസ്.സി കോളനികളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (156/18) | 30/21.7.18 | 544905 |
| വൈദ്യുതി ബോർഡ് | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (10/18) | 28/2.3.18<br>25/21.2.18<br>11/25.9.17 | 18200<br>5534<br>8932 |
| ജില്ലാ പഞ്ചായത്ത് | വികലാംഗർക്ക് ഉപകരണം (11/18) | 12/25.9.17 | 40000 |

## 3-18 ആശ്രയ പദ്ധതി നടപ്പിലാക്കേണ്ടതാണ്

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ. (എം.എസ് )നം. 71/2003/ പ്ലാനിംഗ്/ 12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ(എം എസ്)നം.362/2013/ത.സ്വ.ഭ.വ. തി. 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടിയാണ് ആശ്രയ പദ്ധതി നടപ്പിലാക്കേണ്ടത്. പറളി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 25.03.08-ലെ 7(2) നമ്പർ തീരുമാന പ്രകാരം അഗതികളുടെ പുനരധിവാസത്തിനായി 4606280 രൂപ അടങ്കലുള്ള ഒരു കർമ്മ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നു.എന്നാൽ 2010-11 ൽ പൂർത്തിയാക്കേണ്ടിയിരുന്ന പ്രസ്തുത പദ്ധതി നടപ്പിലാക്കിയില്ല. മാർഗ്ഗരേഖ പ്രകാരം നിർബന്ധിത വകയിരുത്തൽ നടത്തേണ്ടിയിരുന്ന പ്രോജക്ട് ആയിട്ടും നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതികളിൽ ആശ്രയ പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ല. വി.ഇ.ഒ.നിർവഹണം നടത്തിയ വിവിധ ഭവന പദ്ധതികകളുടെ ഭാഗമായി ചില ആശ്രയ കുടുംബങ്ങൾക്ക് ആനുകൂല്യം നൽകിയതല്ലാതെ ആശ്രയ

പദ്ധതി നടപ്പിലാക്കുന്നതിനുള്ള യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

കുടുംബശ്രീ കാഷ് ബുക്ക് പ്രകാരം ആശ്രയ പദ്ധതിക്കായി കുടുബശ്രീ മിഷനിൽ നിന്നും ലഭിച്ച ഫണ്ടിൽ 31.3.18 ന് 1888694 രൂപ നീക്കിയിരുപ്പുണ്ട്. ആശ്രയ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാൻ സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്തപ്രൊജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിവരം താഴെ ചേർക്കുന്നു

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | പാലിന് സബ്സിഡി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1828512 | ഉഴവ് കൂലി | 1828512 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 3900000 | ജലനിധി | 3900000 | 0 |
| ജില്ലാ പഞ്ചായത്ത് | 4639540 | ജലനിധി | 4639540 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | നിർവഹണ ഉദ്യോഗസ്ഥൻ | കുറിപ്പ് |
|---|---|---|---|---|---|
| വൈദ്യുതി ബോർഡ് | വിവിധ എസ്.സി കോളനികളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (156/18) | 30/21.7.18 | 544905 | സെക്രട്ടറി | വിനിയോഗ വിവരം ലഭ്യമായില്ല |
| വൈദ്യുതി ബോർഡ് | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (10/18) | 28/2.3.18<br>25/21.2.18<br>11/25.9.17 | 18200<br>5534<br>8932 | സെക്രട്ടറി | വിനിയോഗ വിവരം ലഭ്യമായില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 2.3 | 2009-10 | 2.3 | ഗ്രാമസഭ-ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നില്ല. | നിലനിൽക്കുന്നു |
| 2012-13 to 2014-15 | 3-15 | 2015-16 | | മരാമത്ത് പ്രവർത്തിയുടെ ബില്ലുകൾ-ധനാപഹരണം | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 158804556 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 134962232 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 283429 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-6 (2) | 62180 | ശ്രീമതി.റഷീദ ബീഗം<br>കൃഷി ഓഫീസർ |
| 3-11 (I) | 184049 | ശ്രീമതി. ഉഷ. എസ്.<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-11 (II) | 37200 | ശ്രീമതി. ഉഷ. എസ്.<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ആകെ | 283429 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-----

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

----

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP7/1106/12dt 12.12.2002 | ശുദ്ധിപത്രം |
| 1997-98 | LFP7/1307/01 dt 01/102002 | പുനരഭിപ്രായം |
| 1998-99 | LFP12/1110/03 dt 04.11.03 | ഡി.ഡി.പി-യ്ക്കുള്ള കത്ത് |
| 1999-00 | LFP12/392/08 dt 08.05.08 | ഡയറക്ടർ-യ്ക്കുള്ള കത്ത് |

| | | |
|---|---|---|
| 2000-01 | LFP17/135/09 dt 18.03.11 | തുടർ നടപടികൾ |
| 2001-02 | LFP12/1631/07 dt 08.04.08 | പുനരഭിപ്രായം |
| 2002-03 | LFP12/558/06 dt 24.07.07 | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | LFP17/363/10(1)dt 06.10.10 | പുനരഭിപ്രായം |
| 2004-05 | LFP17/363/10(2)dt 06.10.10 | പുനരഭിപ്രായം |
| 2005-06 | LFP17/363/10(3)dt 06.10.10 | പുനരഭിപ്രായം |
| 2006-07 | LFP17/363/10(4)dt 06.10.10 | പുനരഭിപ്രായം |
| 2007-08 | LFP17/1032/11 dt 14.06.12 | പുനരഭിപ്രായം |
| 2008-09 | LFP17/1033/11 dt 04.06.12 | പുനരഭിപ്രായം |
| 2009-10 | LFP17/1933/11 dt 03.01.12 | പുനരഭിപ്രായം |
| 2010-11 | LFP17/2021/13 dt 10.01.14 | പുനരഭിപ്രായം |
| 2011-12 | LFP17/914/14 dt 07.06.14 | പുനരഭിപ്രായം |
| 2012-13 to 2014-15 | KSA.PKD.12/1115/15 dt 01.12.15 | പുനരഭിപ്രായം |
| 2015-16 | KSA PKD 17/2016 Dt.31.12.16 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.17-1798-17തിയതി -19-10-2017 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്

ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പറളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വാർഷിക കണക്ക് പ്രകാരം VPFA(1) എന്ന ട്രഷറി അക്കൗണ്ടിൽ 311040/- രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ പാസ്സ് ബുക്ക്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല.
2. വസ്തു നികുതി-തൻവർഷ ബാലൻസ് തുകകൾ,അരിയർ ഡിമാന്റ്,അരിയർ ബാലൻസ് തുകകൾ എന്നിവ സാംഖ്യയിലും സഞ്ചയയിലും വ്യത്യാസപ്പെട്ടിരിക്കുന്നു.
3. വെള്ളക്കരം - ഡിമാന്റ്, ബാലൻസ് എന്നിവ വാർഷികകണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഡിപ്രീസിയേഷൻ പ്രൊവിഷൻ നൽകിയിട്ടില്ല
5. ഗ്രാമപഞ്ചായത്ത് നൽകിയ ചെക്കുകളിൽ മൂന്ന് മാസത്തിലധികമായിട്ടും എൻകാഷ് ചെയ്യാത്ത ചെക്കുകളുടെ തുക Liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

( ചെക്ക് നമ്പർ - 43590/31.3.2017 –Rs 740/-

370248/7.11.2017- Rs 750/-

499151/31.8.17-Rs590/-

1038885/15.3.2017- Rs 770/-)

6. തൻവർഷ കുടിശ്ശിക തുകകൾക്ക് I& E അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം -2

### പത്രികകൾ

| Parli Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 20286574.00 |
| Cash | Cash | RP-40(a) | 173594.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1155380.00 |
| 130000000 | Rental income from Panchayat Properties | RP-3 | 508380.00 |
| 140000000 | Fees & User Charges | RP-4 | 716065.00 |
| 150000000 | Sale & Hire Charges | RP-5 | 68799.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 60148607.00 |
| 171000000 | Interest Earned | RP-9 | 174031.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 67818862.00 |
| 350000000 | Other Liabilities | RP-36 | 99053.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 60049.00 |
| 340000000 | Deposits Received | RP-34 | 336323.00 |
| 350000000 | Other Liabilities | RP-36 | 709118.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5928565.00 |
| 460000000 | Loans, Advances and Deposits | RP-47 | 621156.00 |
| | Grand total | | 158804556.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3648867.00 |
| 220000000 | Administrative Expenses | RP-12 | 1621467.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | RP-13 | 3613145.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 11654374.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 31826004.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1751188.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1137187.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1232800.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | RP-20 | 6015242.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 8368320.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 18500.00 |
| 280000000 | Prior Period item | RP-26 | -3629.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0.0 |
| 350000000 | Other Liabilities | RP-36 | 39479914.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 4276.00 |
| 280000000 | Prior Period Item | RP-26 | -11322.00 |
| 340000000 | Deposits Received | RP-34 | 174343.00 |
| 350000000 | Other Liabilities | RP-36 | 4864315.00 |
| 410000000 | Fixed Assets | RP-38 | 8781396.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 9965595.00 |
| 460000000 | Loans, Advances and Deposits | RP-47 | 820250.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 23715786.00 |
| Cash | Cash | RP-40(b) | 126538.00 |

| | | | |
|---|---|---|---|
| | Grand Total | | 158804556.00 |

| Parli Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5188082.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 881442.00 |
| 140000000 | Fee & User Charges | I-4(b) | 1208359.00 |
| 150000000 | Sale & Hire Charges | I-5(b) | 68799.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 188049433.00 |
| 171000000 | Interest Earned | I-8 | 174031.00 |
| 180000000 | Other Income | I-9 | 322551.00 |
| | Total Income | | 195892697.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11711989.00 |
| 220000000 | Administrative Expenses | I-11(b) | 1621467.00 |
| 230000000 | Operations & Maintenance | I-12(b) | 3913145.00 |
| 240000000 | Interest & Finance Charges | I-13 | 4276.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 16474356.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 45174318.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2312499.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1137187.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 62663500.00 |
| 255000000 | Maintenance Projects | I-14(e) | 6015242.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 43104410.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 18500.00 |
| | Total Expenditure | | 194150889.00 |
| | Gross Surplus/ Deficit of income over Expenditure | | 1741808.00 |
| 280000000 | Prior Period Item | I-18 | -415172.00 |

| | | | |
|---|---|---|---|
| | Gross Surplus/Deficit of Income over Expenditure after prior period items. | | 2156980.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Parli Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 35525321.20 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 44002910.00 |
| | Total Reserve & Surplus | | 79528231.20 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 15678843.50 |
| | Total Grants, Contributions for Specific Purposes | | 15678843.50 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1485139.00 |
| 350000000 | Other Liabilities | B-9 | 1865633.50 |
| | Total Current Liabilities and Provisions | | 3350772.50 |
| | TOTAL LIABILITIES | | 98557847.20 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 63357038.00 |
| 411000000 | Accumulated Depreciation | B-11 | 0.0 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 63357038.00 |
| | Investments | | |
| | Current Assets, Loans and Advances | | |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 11006904.20 |
| 450000000 | Cash and Bank Balance | B-17 | 23842324.00 |
| 460000000 | Loand, Advances and Deposits | B-18 | 351581.00 |
| | Total Current Assets, Loans and Advances | | 35200809.20 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 98557847.20 |

Deputy Director